
# ദിദിമോസ്

കോട്ടപ്പുറം രൂപത ബുള്ളറ്റിൻ ജൂലൈ 2024




മാല്യങ്കര തമസ്ക്കരിക്കപ്പെടുമ്പോൾ

വികാസ് ആൽബർട്ടൈൻ ആനിമേഷൻ സെന്ററിന്റെയും പ്രസന്റേഷൻ കോളേജിനും വേണ്ടിയുള്ള സമരങ്ങൾ





**Led By**

**Fr. Noble Thottathil HGN**

# 2024 July 13

# രണ്ടാം ശനി കൺവെൻഷൻ

## 9:30 AM to 3:30 PM

**Grace of Heaven**
**Lay Mission Foundation**
Kundukad P.O, Ayyampara
Thrissur, PIN- 680028

**Contact**

| | |
|---|---|
| Br. Francies Konikadan | : +91 89 21 76 02 71 |
| Br. Baiju | : +91 99 47 37 57 00 |
| Br. Davies Moraly | : +91 89 43 16 43 30 |



## മുഖമൊഴി

# അനുഗ്രഹത്തിന്റെ ചരിത്രതാളുകൾ

ഫാ. ജോജോ പയ്യപ്പിള്ളി
ചീഫ് എഡിറ്റർ

***"ജൂബിലിവർഷമാണ് അതു നിങ്ങൾക്കു വിശുദ്ധമായിരിക്കണം. വയലിൽ നിന്നു കിട്ടുന്നവ മാത്രം നിങ്ങൾക്കു ഭക്ഷിക്കാം. ജൂബിലിയുടെ ഈ വർഷത്തിൽ ഓരോരുത്തരും തങ്ങളുടെ അവകാശ സ്ഥലത്തേക്കു തിരികെപ്പോകണം."***

*ലേവ്യർ 25: 12-13*

സന്തോഷത്തിന്റെ പുസ്തകം ഉണ്ടായിരുന്ന ഒരു സ്ത്രീയുടെ കഥയുണ്ട്. അവർ ജീവിതത്തിൽ ഒറ്റക്കായിരുന്നു. കൂട്ടിന് ദുഃഖങ്ങളും ദുരിതങ്ങളും. പക്ഷേ ഒരിക്കലും അവർ ദുഃഖിതയായി കാണപ്പെട്ടില്ല. മറിച്ച് എപ്പോഴും സന്തോഷവതിയായിരുന്നു. അവരോട് ഒരിക്കൽ അവരുടെ സന്തോഷത്തെക്കുറിച്ച് ചോദിച്ചപ്പോൾ അവർ പറഞ്ഞ മറുപടി ഇതായിരുന്നു:

എനിക്ക് സന്തോഷത്തിന്റെ ഒരു പുസ്തകമുണ്ട്. ഓരോ ദിവസവും സംഭവിക്കുന്ന സന്തോഷത്തിന്റെ കാര്യങ്ങൾ ഞാനതിൽ എഴുതി വയ്ക്കും. അത് ചിലപ്പോൾ എനിക്ക് കിട്ടിയ ദൈവവചനമാകാം, എന്റെ തോട്ടത്തിലൊരു പുതിയ പൂവ് വിരിഞ്ഞതാകാം. ചിലപ്പോൾ ഒരു സുഹൃത്തിന്റെ സന്ദർശനമാകാം. ഓരോ ദിവസവും ഒരുപാട് സന്തോഷത്തിന്റെ കാര്യങ്ങൾ ദൈവം തരുന്നുണ്ട്. പിന്നെ ഞാനെന്തിന് ദുഃഖിക്കണം?

കോട്ടപ്പുറം - കൊടുങ്ങല്ലൂർ രൂപതാ മക്കളായ നമ്മളെ സംബന്ധിച്ച് സന്തോഷത്തിന്റെയും അഭിമാനത്തിന്റെയും ദിനങ്ങളാണ്. **1987 ജൂലൈ മൂന്നാം തീയതി പിറവിയെടുത്ത കോട്ടപ്പുറം-കൊടുങ്ങല്ലൂർ രൂപത ഇന്ന് അഭിമാനത്തോടെ ശിരസ്സുയർത്തി റൂബി ജൂബിലി വർഷത്തിന്റെ പ്രഖ്യാപനത്തിൽ എത്തിനിൽക്കുമ്പോൾ രൂപതയുടെ സന്തോഷത്തിന്റെ ചരിത്ര പുസ്തകത്തിൽ ഓരോ ദിവസവും സുവർണ്ണ ലിപികളിൽ എഴുതി ചേർത്തത് ദൈവാനുഗ്രഹങ്ങൾ ആയിരുന്നു.**

**പഴയകാല സുറിയാനി ക്രിസ്ത്യാനികളുടെ റമ്പാൻ പാട്ടിൽ സാക്ഷ്യപ്പെടുത്തുന്നത്** പോലെ ചരിത്രമുറങ്ങുന്ന കോട്ടപ്പുറം - കൊടുങ്ങല്ലൂർ രൂപതയിലെ **മാല്യങ്കരയിൽ വന്നിറങ്ങിയ**

**തോമാശ്ലീഹായിൽ** നിന്ന് പകർന്നു കിട്ടിയ വിശ്വാസത്തിന്റെ വെളിച്ചം തലമുറകൾ കൈമാറി ഇന്നോളം കാത്തുസൂക്ഷിക്കുവാൻ അനുഗ്രഹിച്ചതിനും ഓരോ നിമിഷവും ഉറച്ച ചുവടുകളോടെ രൂപതയെ മുന്നോട്ടു നയിക്കുന്നതിനും തമ്പുരാന് നന്ദി പറയാം.

ഈ ജൂലൈ മാസത്തിൽ കോട്ടപ്പുറം - കൊടുങ്ങല്ലൂർ രൂപതയ്ക്ക് പ്രധാനപ്പെട്ട രണ്ടു സന്തോഷങ്ങളാണ്.

1. **2027 - ൽ നടക്കുന്ന കോട്ടപ്പുറം - കൊടുങ്ങല്ലൂർ രൂപതയുടെ സ്ഥാപക ദിനത്തിന്റെ റൂബി ജൂബിലിയുടെ പ്രഖ്യാപനം.**
2. **കോട്ടപ്പുറം - കൊടുങ്ങല്ലൂർ രൂപതയുടെ മധ്യസ്ഥനായ വിശുദ്ധ തോമസ് അപ്പോസ്തലന്റെ തിരുനാൾ ദിനം.**

ഇനിവരുന്ന മൂന്നു വർഷക്കാലം റൂബി ജൂബിലി ഒരുക്കത്തിന്റെ ദിനങ്ങളാണ്. വിശുദ്ധ ഗ്രന്ഥത്തിൽ ലേവ്യരുടെ പുസ്തകത്തിൽ വായിക്കുന്നത് പോലെ **ജൂബിലിയുടെ ഈ വർഷത്തിൽ ഓരോരുത്തരും തങ്ങളുടെ അവകാശത്തിലേക്ക് മടങ്ങി പോകണം**. യേശുക്രിസ്തുവാകുന്ന യഥാർത്ഥ അവകാശത്തിലേക്ക്. ക്രിസ്തുവാകുന്ന അവകാശം നേടിക്കഴിഞ്ഞാൽ നമ്മൾ കൂടുതൽ ശക്തരാകും. “ധൈര്യമായിരിക്കുവിൻ ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു” (യോഹ. 16:33) എന്ന വചനമാകട്ടെ നമ്മുടെ കാലുകളെ അതിനായി ബലപ്പെടുത്തുന്നത്.

■

# സാൻജോ മീറ്റ് 2024

(Post- Marriage Preparation Course)

‘കുടുംബങ്ങൾ അനുഭവിക്കുന്ന സ്നേഹത്തിന്റെ സന്തോഷം സഭയുടെയും സന്തോഷമാണ്’ *(Pope Francis, Amoris Leatitia 1:1)*

കുടുംബങ്ങളിൽ ബന്ധങ്ങൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ കുടുംബങ്ങൾ പ്രശ്നങ്ങളിൽ നിന്നും പ്രശ്നങ്ങളിലേക്ക് പൊയ്ക്കൊണ്ടിരിക്കുന്നു. അവിടെയാണ് ഫ്രാൻസിസ് പാപ്പ ‘**സന്തോഷത്തിന്റെ ആനന്ദം**’ എന്ന അപ്പസ്തോലിക പ്രബോധനത്തിലൂടെ കുടുംബങ്ങളെ അനുധാവനം ചെയ്യാനും ക്രിസ്തുവിന്റെ ആശ്വാസവും സന്തോഷവും നൽകുവാനും ആഹ്വാനം ചെയ്യുന്നത്. അതിന്റെ ഭാഗമായാണ് കോട്ടപ്പുറം രൂപതയിലെ എല്ലാ ഇടവകകളിലും ദമ്പതികൾക്ക് പരിശീലനവും കൗൺസിലിംഗും സംഘടിപ്പിക്കുന്നത്. ഫാമിലി അപ്പോസ്തോലേറ്റിന്റെ നേതൃത്വത്തിൽ ഒരു റിസോഴ്സ് ടീമിനെ ജൂൺ 30 മുതൽ ഓരോ ഇടവകകളിലേക്കും ഞാൻ അയക്കുകയാണ്. മാരിറ്റൽ ഇന്റിമസി, ഫാമിലി ബഡ്ജറ്റ്, സോഷ്യൽ മീഡിയ എന്നീ ക്ലാസുകളും അതോടൊപ്പം കൗൺസിലിംഗും ഈ റിസോഴ്സ് ടീം നടത്തുന്നതാണ്. ഈ കാലഘട്ടത്തിൽ ഈ പരിശീലനത്തിന്റെയും കൗൺസിലിംഗിന്റെയും പ്രാധാന്യം മനസ്സിലാക്കി വികാരിയച്ചന്മാരും, സിസ്റ്റേഴ്സും, ഇടവകയിലെ പാരീഷ് കൗൺസിൽ അംഗങ്ങളും, കേന്ദ്രസമിതിയും, മതാദ്ധ്യാപകരും, കുടുംബ ശുശ്രൂഷ സമിതിയും, അജപാലന ശുശ്രൂഷ സമിതിയും ഇതിന് നേതൃത്വം നൽകി ഇടവകയ്ക്ക് നൽകിയിരിക്കുന്ന ദിവസങ്ങൾ അനുസരിച്ച് വളരെ ഭംഗിയായി ക്രമീകരിക്കണമെന്ന് ഞാൻ അറിയിക്കുന്നു.

പ്രാർത്ഥനയോടും സ്നേഹത്തോടും കൂടെ,

+ **ബിഷപ്പ് അംബ്രോസ് പുത്തൻവീട്ടിൽ**, കോട്ടപ്പുറം രൂപത മെത്രാൻ

# ദിദിമോസ്

കോട്ടപ്പുറം രൂപത ബുള്ളറ്റിൻ ജൂലൈ 2024

**രക്ഷാധികാരി**
റൈറ്റ് റവ. ഡോ. അംബ്രോസ് പുത്തൻവീട്ടിൽ

**ചീഫ് എഡിറ്റർ**
ഫാ. ജോജോ പയ്യപ്പിള്ളി

**സബ് എഡിറ്റേഴ്സ്**
ഫാ. നിഖിൽ ജോർജ്ജ് മുട്ടിക്കൽ
ഫാ. സിന്റോ കുരിയപറമ്പിൽ

**അസോസിയേറ്റ് എഡിറ്റേഴ്സ്**
ഫാ. രൂപേഷ് മൈക്കിൾ കളത്തിൽ
ശ്രീ. ടൈറ്റസ് ഗോതുരുത്ത്

**മാനേജിംഗ് എഡിറ്റർ**
ഫാ. സിജോ വേലിക്കകത്തോട്ട്

**സർക്കുലേഷൻ മാനേജർ**
ഫാ. നിമേഷ് കാട്ടാശ്ശേരി

**പത്രാധിപ സമിതി**
ഫാ. ലിജോ മാത്യു താണിപ്പിള്ളി
ശ്രീ. സിപ്പി പള്ളിപ്പുറം
ശ്രീ. ജോയ് ഗോതുരുത്ത്
ശ്രീ. ജോസഫ് പനക്കൽ

**ഡി. ടി. പി.**
ശ്രീമതി നിഷ സോജൻ

എഡിറ്റർ, ദിദിമോസ്, വികാസ്,
കോട്ടപ്പുറം – 680 667
ഫോൺ : 0480 2807678
didimoskottapuram@gmail.com

## താളുകളിൽ

പൈതൃകാമുഖം
**രൂപതാദിനം...സാൻതോം ദിനം** ........................ 4

**മാല്യങ്കര തമസ്ക്കരിക്കപ്പെടുമ്പോൾ** .................... 7

**വികാസ് ആൽബർട്ടൈൻ അനിമേഷൻ സെന്ററിന്റെയും പ്രസന്റേഷൻ കോളേജിനും വേണ്ടിയുള്ള സമരങ്ങൾ** ................................ 11

കവിത
**ഗുരുത്വം** ................................................ 12

**രൂപത അദ്ധ്യക്ഷന്റെ ഇടവക സന്ദർശനം**............... 13

കറുപ്പ്
**ഗ്യാസ് ലൈറ്റിംഗ്**........................................ 15


കത്തോലിക്കസഭയെ അറിയാം, പഠിക്കാം
**ലാ ഒസർവത്താരോ റൊമാനോ** ........................ 17

അയൽക്കൂട്ടം
**യുവജനങ്ങളെ നിങ്ങൾ സഭയുടെ 'ഇന്നാകുന്നു'** ..... 19

**രൂപത വാർത്തകൾ** ...................................... 22

പിൻമൊഴി
**ഇലക്ഷൻ 2024** .......................................... 27

**പിതാവിന്റെ ഡയറി**....................................... 28



ജൂലൈ 3-ാം തീയതി
നാമഹേതുക തിരുനാൾ
ആഘോഷിക്കുന്ന
**ടോം രാജേഷ് പള്ളിയിൽ അച്ചന്**
പ്രാർത്ഥനാശംസകൾ



ആശംസകളോടെ...
പള്ളിയിൽ കുടുംബാംഗങ്ങൾ

ജൂലൈ 1–ാം തീയതി ജന്മദിനം ആഘോഷിക്കുന്ന
**ആന്റണി ബിനോയ്**
**അറക്കൽ അച്ചന്**
പ്രാർത്ഥനാശംസകൾ



ആശംസകളോടെ...

കൊച്ചച്ചനും ഇടവക സമൂഹവും
സെന്റ് സെബാസ്റ്റ്യൻ ഇടവക, ഗോതുരുത്ത്






# രൂപതാദിനം... സാൻതോം ദിനം

**ബിഷപ്പ് ഡോ. അംബ്രോസ് പുത്തൻവീട്ടിൽ**
കോട്ടപ്പുറം രൂപതാമെത്രാൻ

**2024** ജൂലൈ 3 കോട്ടപ്പുറം രൂപതയെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ട ദിനമാണ്. **കോട്ടപ്പുറം രൂപതാദിനാഘോഷവും റൂബി ജൂബിലി പ്രഖ്യാപനവും കോട്ടപ്പുറം രൂപതയുടെ മദ്ധ്യസ്ഥനും ഭാരതത്തിന്റെ അപ്പോസ്തലനുമായ വി. തോമാശ്ലീഹായുടെ തിരുനാൾ ദിനത്തിൽ നടത്തുവാൻ കഴിയുന്നത് ഒരു ചരിത്ര മുഹൂർത്തമായാണ് നാം കാണുന്നത്.** 'Que Aptius' എന്നുപറഞ്ഞാൽ ഏറ്റവും യോജിച്ചത് എന്നാണ്. ഈ ഡിക്രി വഴിയാണ് **1987 ജൂലൈ 3 ന് കോട്ടപ്പുറം രൂപത നിലവിൽ വന്നത്.** 2027 ജൂലൈ 3 ന് **40 വർഷം** പൂർത്തിയാകുമ്പോൾ വന്നവഴികളെ തിരിഞ്ഞുനോക്കി വിശുദ്ധീകരിക്കുവാനും പുതിയ പാതകൾ പണിതുയർത്തുവാനും ശ്രമിക്കുമ്പോൾ **'പൈതൃകഭൂവിൽ ഒരു മനമായ്'** ഉണർന്നെഴുന്നേൽക്കുവാനുള്ള ഒരു സമയമായ് നമുക്കതിനെ കാണാം.



ജൂബിലി വർഷത്തിന്റെ പ്രത്യേകത തിരിഞ്ഞുനടക്കലാണ് (ലേവ്യർ 25 : 8 – 22). ഒരു പുഴ കണക്കെ തിരിച്ചൊഴുകുമ്പോൾ കടന്നുവന്ന വഴികളൊക്കെ രൂപീകരിക്കണം, വഴിവിളക്കായ് നിന്നവരെയൊക്കെ ആദരിക്കണം. ബന്ധങ്ങളുടെ കെട്ടുപാടുകൾ ഒഴുക്കിനെ തടയുന്നുവെങ്കിൽ അതിനെയൊക്കെ വീണ്ടും തൊട്ടുണർത്തി കർമ്മപാതകൾ ക്രമപ്പെടുത്തണം.

രൂപതാദിനത്തിൽ എല്ലാ മക്കളും ഒരുമിച്ചുചേരുവാനുള്ള സമയമാണ്. രണ്ടുവർഷത്തെ പദ്ധതികൾ മുൻകൂട്ടി ആസൂത്രണം ചെയ്യുമ്പോൾ രൂപതയിലെ ഏറ്റവും ചെറിയ വ്യക്തിയെപ്പോലും മറക്കാതിരിക്കാം. കോറിന്തോസുകാർക്കെഴുതിയ ഒന്നാം ലേഖനത്തിൽ സൂചിപ്പിക്കുന്നതുപോലെയുള്ള ഐക്യം (1 കോറി 12 : 12 – 22) നിലനിറുത്തുവാനും ഓരോ മനുഷ്യന്റെയും സങ്കടവും സന്തോഷവും സ്വപ്നവും (GS 1) എല്ലാം സഭയുടേതാണെന്ന ആ വലിയ തിരിച്ചറിവ്, **സഭയെന്നു പറഞ്ഞാൽ ഈശോയുടെ ശരീരമാണെന്നും** (എഫേ 1 : 23) **ആ ശരീരം നമ്മൾ ഓരോരുത്തരുമാണെന്നും മനസ്സിലാക്കി, പരസ്പര സ്നേഹവും ബഹുമാനവും സഹകരണവും ഇനിയുള്ള സമയം നമുക്ക് പങ്കുവയ്ക്കാം.** ദൈവം നമുക്കു നൽകിയ ഈ പൈതൃക ഭൂവിൽ ഒരു ജനമായ് മുന്നോട്ടു നീങ്ങുവാൻ ധീരനായ വി.തോമസ് അപ്പസ്തോലന്റെ **"നമുക്കും അവന്റെ കൂടെ പോയി മരിക്കാം"** (യോഹ 11 : 16) എന്ന വചനം ഉൾക്കൊണ്ടുകൊണ്ട് യഥാർത്ഥ കത്തോലിക്കനായി ജീവിക്കുവാൻ കഴിയട്ടെ. രൂപതാദിനാശംസകൾ നേരുന്നു. ■

*അവിടുത്തേക്കു ഗാനമാലപിക്കുവിൻ; സ്തുതിഗീതങ്ങൾ ആലപിക്കുവിൻ;*
*അവിടുത്തെ അത്ഭുതങ്ങൾ വർണിക്കുവിൻ.*
സങ്കീർത്തനങ്ങൾ 105 : 2

ജൂലൈ 1-ാം തീയതി
ജന്മദിനം ആഘോഷിക്കുന്ന
**പോൾ മനക്കിൽ അച്ചന്**
പ്രാർത്ഥനാശംസകൾ



ആശംസകളോടെ...
മതബോധന വിഭാഗം
സെന്റ് ഫ്രാൻസീസ് സേവ്യർ ചർച്ച്, കുഞ്ഞിത്തൈ



ജൂലൈ 3-ാം തീയതി
നാമഹേതുക തിരുനാൾ
ആഘോഷിക്കുന്ന
**നിക്സൻ കാട്ടാശ്ശേരി അച്ചന്**
പ്രാർത്ഥനാശംസകൾ

ആശംസകളോടെ...
കാട്ടാശ്ശേരി കുടുംബാംഗങ്ങൾ

# മാല്യങ്കര തമസ്ക്കരിക്കപ്പെടുമ്പോൾ




**ഫാ. റോക്കി റോബി കളത്തിൽ**

**ആമുഖം**

**കോ**ട്ടപ്പുറം രൂപയുടെ റൂബി ജൂബിലി ആഘോഷങ്ങൾക്ക് 2024 ജൂലൈ 3 ന്, തോമശ്ലീഹയുടെ രക്തസാക്ഷിത്വതിരുനാളിൽ രൂപതാ ദിനത്തോടനുബന്ധിച്ച് ആരംഭം കുറിക്കുകയാണ്. അപ്പസ്തോലനുമായി അഭേദ്യമായ ബന്ധമാണ് രൂപതക്കുള്ളത്. ഭാരത അപ്പോസ്തലനായ തോമാശ്ലീഹയും രൂപതാതിർത്തിക്കുള്ളിലുള്ള മാല്യങ്കരയും തമ്മിലുള്ള ബന്ധവും വേർപിരിക്കാനാവാത്തതാണ്. **ക്രിസ്തുവർഷം 52 ൽ കൊടുങ്ങല്ലൂരിലെ മുസിരിസ് തുറമുഖത്തിനു സമീപം മാല്യങ്കരയിൽ തോമശ്ലീഹ കപ്പലിറങ്ങിയെന്നാണ് കേരള ക്രൈസ്തവരുടെ ശക്തമായ പാരമ്പര്യം.** ഒരിക്കൽ ക്രൈസ്തവ ചരിത്ര പുസ്തകങ്ങളുടെ ഭാഗമായിരുന്ന ഈ സത്യം തമസ്കരിക്കാനും മാല്യങ്കരയുടെ സ്ഥാനം മറ്റുചില പ്രദേശങ്ങൾക്ക് ചാർത്തി കൊടുക്കാനുമുള്ള ശക്തമായ പ്രവർത്തനങ്ങൾ ഇപ്പോൾ നടക്കുന്നുണ്ട്. സമകാലീന ചരിത്ര രേഖകൾ ഇല്ലെങ്കിൽ പോലും ചരിത്രത്തോട് കിടപിടിക്കുന്ന മഹിതമായ ഈ പാരമ്പര്യം തള്ളിക്കളയാനാവാത്തതാണ്. മാല്യങ്കരയിൽ നിന്നാണ് കേരള സഭയ്ക്ക് മലങ്കരസഭ എന്ന പേരു കിട്ടിയതെന്ന അഭിപ്രായവുമുണ്ട്.

**വിശുദ്ധ തോമസ് അപ്പോസ്തലനെ ഭാരതവുമായി ബന്ധപ്പെടുത്തുന്ന പാരമ്പര്യങ്ങളെ പാശ്ചാത്യമെന്നും പൗരസ്ത്യമെന്നും വേർതിരിക്കാം.** അതിൽ പാശ്ചാത്യ പാരമ്പര്യങ്ങൾ മൂന്നാം നൂറ്റാണ്ടിൽ രേഖപ്പെടുത്തപ്പെട്ടവയും ഭാരത പാരമ്പര്യങ്ങൾ പതിനാറാം നൂറ്റാണ്ടിനു ശേഷം ഉള്ളവയുമാണെന്നാണ് പണ്ഡിതമതം. ഇതിൽ തലമുറകളായി വാമൊഴിയായി കൈമാറ്റം ചെയ്യപ്പെട്ടു വന്നവയാണ് ഭാരത പാരമ്പര്യങ്ങളിൽ ഭൂരിഭാഗവും എന്ന അഭിപ്രായവുമുണ്ട്. **മാർഗ്ഗംകളി പാട്ടും റമ്പാൻ പാട്ടും വീരടിയാൻ പാട്ടും ഇതിൽ പ്രധാനപ്പെട്ടവയാണ്.**

**റമ്പാൻ പാട്ടും മാർഗ്ഗംകളിപ്പാട്ടും**

തോമാശ്ലീഹായുടെ ഭാരത സന്ദർശനം, വരവ്, പ്രേഷിത പ്രവർത്തനങ്ങൾ, ദൈവാലയ സംസ്ഥാപനങ്ങൾ, രക്തസാക്ഷിത്വം തുടങ്ങിയ

വിവരിക്കുന്ന പാട്ടാണ് റമ്പാൻ പാട്ട്. 'റമ്പാൻ' എഴുതിയതിനാൽ ആണ് റമ്പാൻ പാട്ട് എന്ന പേര് സിദ്ധിച്ചത്. **തോമാശ്ലീഹയുടെ ശിഷ്യന്മാരിൽ ഒരാൾ എന്ന് വിശേഷിപ്പിക്കപ്പെടുന്ന നിരണത്ത് മാളിയേക്കൽ തോമ എന്ന വൈദികൻ ആണത്രേ ഈ പാട്ടിന്റെ മൂലരൂപത്തിന്റെ കർത്താവ്.** ഇപ്പോൾ ലഭ്യമായിരിക്കുന്ന പതിപ്പ് അതേ കുടുംബത്തിലെ 48-ാം തലമുറക്കാരനായ തോമ റമ്പാൻ ചുരുക്കി എഴുതിയതാണെന്ന് ഈ പാട്ടിൽ തന്നെ പറയുന്നുണ്ട്. **റമ്പാൻ പാട്ട് അനുസരിച്ച് തോമാശ്ലീഹ കപ്പലിറങ്ങിയത് മാല്യങ്കരയിലാണ്**. വരികൾ ഇങ്ങനെയാണ് :

*അറബിയായിൽ കപ്പൽ കയറി*
*മാല്യങ്കരെ വന്നെത്തിയത്*
*അതിവൻ പാറവേൻ മിശിഹാകാലം*
*അമ്പതു ധനുവം രാശിയിൽ*
*അതിശയ കൃതിയാലഷ്ടദിനംകൊ-*
*ണ്ടവിടെ മാർഗ്ഗം സ്ഥാപിച്ചു'*

*മറ്റൊരിടത്ത് തിരുവഞ്ചിക്കുളം രാജാവിന്റെ മരുമകന്റെ അപേക്ഷപ്രകാരം കപ്പൽ വഴി -*

*തർക്കം കൂടാതമ്പത്തൊന്നാം*
*ധനുവിൽ മാല്യങ്കരെ വന്നു*
*രാജകുടുംബത്തോടെ കാവ്യർ*
*മൂവ്വായിരമവിശ്വാസികളും*
*രാജ്യത്തിങ്കൽവന്നു വസിക്കും*
*നാല്പതു യൂദജനങ്ങളുമായ്*
*ഒന്നര വർഷങ്ങൾക്കുള്ളിടയിൽ*
*മാമ്മോദീസ കൈക്കൊണ്ടു*
*തെക്കൻ വഴിയായി യാത്രപോയി*
*മാല്യങ്കരയിൽ ചെന്നെത്തി*
*തക്കവിധം പോലൊക്കയുമവിടെ*
*കണ്ടതിനാൽ സന്തോഷിച്ചു'*

മാർഗംകളിപ്പാട്ടിലും മാല്യങ്കരയെക്കുറിച്ച് പ്രതിപാത്യമുണ്ട്. മാർഗ്ഗം കളിപ്പാട്ടിന്റെ കാലം കൃത്യമായി പറയുക സാധ്യമല്ലെങ്കിലും പോർച്ചുഗീസുകാരുടെ ആഗമനത്തിനു മുമ്പാണെന്നു കരുതുന്നതിൽ തെറ്റില്ലെന്ന് ഡോ. പി.ജെ തോമസ് അഭിപ്രായപ്പെടുന്നുണ്ട്. **കേരളത്തിൽ വന്ന് ശ്ലീഹ നടത്തിയ പ്രേഷിത പ്രവർത്തനത്തെക്കുറിച്ച് മാർഗ്ഗംകളിപ്പാട്ടിൽ പാടുന്നതിങ്ങനെയാണ്** :

*കാലം കഴിഞ്ഞു വീണ്ടും പുറപ്പെട്ടു കേരള*
*നാടെന്നു കേട്ടു*
*ഊരടുത്തുള്ളോരു മാലിയാവുംകരെ -*
*ചെന്നവിടത്തിലിരുന്നു*
*ഊരാളരോടറിവിച്ചതു മാർഗവും -*
*കേട്ടവരായതിലായി*
*എപ്പോഴുമെന്നേയും കാത്തരുൾവാനായി*
*അത്തലണയാതെ കണ്ട്*
*ഉത്സാഹമേറി പുറപ്പെട്ടു പിന്നെയും -*
*ദക്ഷിണ ദിക്കിനുയാത്ര'*

**ചരിത്രകാരന്മാരുടെ സാക്ഷ്യം**

**കെ.പി. പത്മനാഭമേനോൻ കേരള ചരിത്രത്തിൽ തോമശ്ലീഹ പെരിയാർ നദിയുടെ കൊടുങ്ങല്ലൂർ അഴിമുഖത്ത് പള്ളിപ്പോർട്ടിന് അഥവാ പള്ളിപ്പുറത്തിനടുത്തുള്ള മലങ്കര യെന്ന ദ്വീപിൽ എ.ഡി. 52 ൽ കപ്പലിറങ്ങിയെന്നാണ് പറയുന്നത്.**






കർത്താവിനെയും അവിടുത്തെ ബലത്തെയും അന്വേഷിക്കുവിൻ;
നിരന്തരം അവിടുത്തെ സാന്നിധ്യം തേടുവിൻ.
സങ്കീർത്തനങ്ങൾ 105 : 4

**ബി. മാധവമേനോൻ വിശ്വവിജ്ഞാനകോശത്തിൽ യേശുവിന്റെ പന്ത്രണ്ടു ശിഷ്യന്മാരിൽ ഒരാളായ തോമശ്ലീഹ ഒന്നാം നൂറ്റാണ്ടിൽ പറവൂർ താലൂക്കിൽപ്പെട്ട മാല്യങ്കരയിൽ കടൽ മാർഗ്ഗം വന്നിറങ്ങിയതോടെയാണ് ഇന്ത്യയിൽ ക്രിസ്തുമതം പ്രവേശിച്ചതെന്ന് ഒരു ഐതീഹ്യമുള്ളതായി രേഖപ്പെടുത്തുന്നുണ്ട്.** സുന്ദരുക്കിൽ നിന്ന് കപ്പൽ കയറി സെന്റ് തോമസും ഹബ്ബാനും ഗൊണ്ടഫോറസിന്റെ തലസ്ഥാമായ **കൊടുങ്ങല്ലൂർ ചേന്ദമംഗലത്തിനടുത്തുള്ള മാല്യങ്കരയിൽ ചെന്നിറങ്ങി എന്ന് പണ്ഡിതനായ എ. ബാലകൃഷ്ണപ്പിള്ള അഭിപ്രായപ്പെട്ടിട്ടുണ്ട്.**

**ജെ.സി. വിഷറിന്റെ കത്തുകൾ** മേജർ ഡ്യൂറി തർജ്ജമ ചെയ്തിട്ടുള്ളതിൽ വി. തോമസ് അപ്പസ്തോലൻ മൈലാപ്പൂരിൽ നിന്ന് പുറപ്പെട്ട് കൊടുങ്ങല്ലൂരിനും പറവൂരിനും മധ്യേയുള്ള **'മാലിയൻ കരയിൽ'** വന്നെത്തിയെന്ന് പറയുന്നു. മിശിഹായുടെ ഉദ്ദേശ്യങ്ങളെ ഇന്ത്യയിൽ പ്രചരിപ്പിച്ചു എന്ന് മഹിമ പുരാതന കാലം മുതലുള്ള പരമ്പര വൃത്താന്തങ്ങളാൽ തോമാശ്ലീഹക്ക് നൽകപ്പെടുന്നു. പശ്ചിമ തീരത്തുള്ള ക്രിസ്ത്യാനികൾ ഇത്രമാത്രം പൂജ്യമായി കരുതുന്ന ഈ പരമ്പരാഗതമായ സിദ്ധാന്തപ്രകാരം ശ്ലീഹ ഉദ്ദേശം ക്രിസ്താബ്ദം 52-ൽ ഗ്രീക്കുകാരാൽ മൗസീറീസ് എന്നു പറയപ്പെടുന്നതും മുറിയിക്കോട് എന്ന് യഹൂദരുടെ താമ്ര ശാസനത്തിൽ നാമകരണം ചെയ്തിരിക്കുന്നതുമായ **ക്രാങ്കനൂരിനു സമീപമുള്ള മലങ്കരയിൽ അഥവാ കുറെക്കൂടി ശരിയായി പറയുന്ന പക്ഷം മാലിയൻ കരയിൽ കപ്പൽമാർഗ്ഗം വന്നെത്തി എന്ന് പ്രസിദ്ധ പണ്ഡിതനായ എഡ്ഗാർ തർസ്റ്റൻ സി.ഐ.ഇ രേഖപ്പെടുത്തിയിരിക്കുന്നു.**

മാല്യങ്കരയെപ്പറ്റി **പ്രസിദ്ധ ചരിത്രകാരനായ മഫേയി** രേഖപ്പെടുത്തുന്നത്, പള്ളിപ്പോർട്ടിന് എതിർവശം വടക്കുവശത്തായി സ്ഥിതി ചെയ്യുന്ന സ്ഥലമെന്നത്രേ. പള്ളിപ്പുറം പള്ളിയുടെ വടക്കുഭാഗത്തായി പോർച്ചുഗീസുകാർ പണി തീർത്തതും ഇന്നും നിലനിൽക്കുന്നതുമായ കോട്ടയെപ്പറ്റിയായിരിക്കണം മഫേയി പള്ളി പോർട്ടെന്നു പറയുന്നത്. ഈ കോട്ടയുടെ മുൻ ഭാഗത്തുകൂടി ഒഴുകുന്ന നദിയുടെ കിഴക്കേ തീരത്ത് അല്പം വടക്കുമാറിയാണ് മാല്യങ്കര സ്ഥിതി ചെയ്യുന്നത്. **ഈ സ്ഥലത്തു തന്നെയാണ് കോട്ടപ്പുറം രൂപതയുടെ കീഴിലുള്ള മാല്യങ്കര സെന്റ് തോമസ് തീർഥാടന കേന്ദ്രവും നിലകൊള്ളുന്നത്** എന്നതും ശ്രദ്ധേയമാണ്..


**മാല്യങ്കര തീർത്ഥാടനം**

മാല്യങ്കരയുടെ ചരിത്ര പ്രാധാന്യത്തിന് അടിവരയിടുന്നതാണ് 1564 ജനുവരി 20 ന് കൊറയ അമാന്തർ എന്ന ജസ്യൂട്ട് വൈദികൻ പോർട്ടുഗലിലേക്കയച്ച കത്തിന്റെ ഉള്ളടക്കം. ഈ കത്തിനെക്കുറിച്ച് ഡോ. പി.ജെ. തോമസിന്റെ കേരളത്തിന്റെ ക്രിസ്തീയ സാഹിത്യത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: ഈ ശോസഭക്കാരനായ കൊറയഅമാന്തർ 1564 ൽ കൊച്ചിയിൽ നിന്ന് ശീമയ്ക്കെഴുതിയ കത്തിൽ **മലങ്കര നസ്രാണികൾ മാർ തോമശ്ലീഹ മലയാളത്തിൽ കാലുകുത്തിയ ദിനമായ നവംബർ 21 ന് കൊടുങ്ങല്ലൂരിനടുത്തുള്ള മാല്യങ്കരക്ക് തീർത്ഥയാത്ര പോകാറുണ്ടെന്ന്** പ്രസ്താവിക്കുന്നു. **കേരള ക്രൈസ്തവർ ഈ പ്രത്യേകദിനത്തിൽ മാല്യങ്കര തീർത്ഥാടനം നടത്തിയിരുന്നു എന്ന കാരണം മതി തോമാശ്ലീഹയും മാല്യങ്കരയും തമ്മിലുള്ള അഭേദ്യമായ ബന്ധം മനസിലാക്കാൻ.** ഈ പഴയ കാല തീർത്ഥാടനത്തിന്റെ ഓർമ്മ പുതുക്കി 2011 ജൂലൈ 3 ന് വിശുദ്ധന്റെ രക്സാക്ഷിത്വ തിരുനാളിൽ മുനമ്പം തിരുക്കുടുംബ ഇടവകാംഗങ്ങൾ മാല്യങ്കര തീർത്ഥാടനം പുനരാരംഭിക്കുകയുണ്ടായി. പിന്നീട് കോട്ടപ്പുറം രൂപതയുടെ നേതൃത്വത്തിൽ രൂപത രജതജൂബിലിയോടനുബന്ധിച്ച് മാല്ല്യങ്കര - സമ്പാളൂർ തീർത്ഥാടനം രൂപതാതലത്തിൽ വിപുലമായി സംഘടിപ്പിക്കു

കയുണ്ടായി. കോട്ടപ്പുറം രൂപത പള്ളിപ്പുറം ഫൊറോനയുടെ നേതൃത്വത്തിൽ 2023 നവംബറിലും മാല്യങ്കര തീർത്ഥാടനം നടന്നു.

**കോട്ടപ്പുറം രൂപതയും തോമാശ്ലീഹയും**

കോട്ടപ്പുറം രൂപതക്കും തോമശ്ലീഹയുമായി അടുത്ത ബന്ധമുണ്ട്. **1987 ജൂലൈ 3, ശ്ലീഹയുടെ രക്തസാക്ഷിത്വതിരുനാൾ ദിനത്തിലാണ് ക്വോ ആപ്തിയൂസ് എന്ന ജോൺ പോൾ 2-ാമൻ പാപ്പയുടെ ബൂള വഴി കോട്ടപ്പുറം രൂപത സ്ഥാപിതമാകുന്നതും 'റൊമാനി എത്ത് പൊന്തിഫിച്ചിസ്' എന്ന അപ്പസ്തോലിക എഴുത്തുവഴി മോൺ. ഫ്രാൻസിസ് കല്ലറക്കൽ രൂപതയുടെ പ്രഥമ മെത്രാനായി നിയമിതനാകുന്നതും.** ശ്ലീഹയുടെ ആദ്യ പ്രേഷിത മേഖലകളായ മാല്യങ്കരയും കൊടുങ്ങല്ലൂരുമെല്ലാം ഈ രൂപതാതിർത്തിയിലാണ്. **രൂപതയുടെ സ്വർഗ്ഗീയ മധ്യസ്ഥനും തോമാശ്ലീഹയാണ്.** രൂപതയിലെ തുരുത്തൂർ പള്ളിയും അഴീക്കോട് പള്ളിയും സെന്റ് തോമസ് പള്ളികളാണ്. തുരുത്തൂർ പള്ളിയും പ്രദേശങ്ങളും വിശുദ്ധന്റെ പാദസ്പർശത്താൽ അനുഗ്രഹീതമാണെന്നാണ് പാരമ്പര്യവിശ്വാസം.




**ഉപസംഹാരം**

മുൻപ് സൂചിപ്പിച്ച വസ്തുതകളെല്ലാം സ്ഥാപിക്കുന്നത് തോമാശ്ലീഹയുടെ ഭാരത പ്രവേശനത്തിന്റെ വാതിൽ ഇന്ന് കോട്ടപ്പുറം രൂപതാതിർത്തിയിലുള്ള ചെട്ടിക്കാട് ഇടവകയുടെ ഭാഗമായ മാല്യങ്കരയിൽ തന്നെയാണ് എന്നാണ്. **പാരമ്പര്യങ്ങളും വസ്തുതകളും മറന്ന്, മാല്യങ്കരയെ തമസ്ക്കരിച്ച്, മറ്റു ചില സ്ഥലങ്ങൾക്ക് ഈ ഖ്യാതി ചാർത്തി കൊടുക്കാനുള്ള ശ്രമങ്ങൾക്ക് ഒരു പാട് വർഷങ്ങളുടെ ചരിത്രമില്ല.** മാല്യങ്കരയിൽ ശ്ലീഹ കപ്പലിറങ്ങിയെങ്കിൽ ആദ്യ സഭാസമൂഹത്തെ, പള്ളിയെ, പടുത്തുയർത്തിയതും ഇവിടെ തന്നെയാകണം. ഈ വസ്തുതകൾ ഉയർത്തി പിടിച്ചുകൊണ്ടാണ് **തോമാശ്ലീഹയുടെ ഭാരത പ്രവേശനത്തിന്റെ 19-ാം ശതാബ്ദിയോടനുബന്ധിച്ച് 1953 നവംബർ 14 ന് പൗരസ്ത്യതിരുസംഘത്തലവനും കർദിനാൾ ഡീനുമായിരുന്ന അത്യുന്നത കർദിനാൾ യൂജിൻ ടിസറന്റ്, ശ്ലീഹ ആദ്യമായി കാലുകുത്തിയ മാല്യങ്കരയുടെ മണ്ണിൽ സ്മാരകമണ്ഡപവും തോമാശ്ലീഹയുടെ തിരുസ്വരൂപവും പ്രതിഷ്ഠിച്ചത്.** ***തീർച്ചയായും തോമാശ്ലീഹയുടെ പൈതൃകത്തിന്റെ നേരവകാശികളാണ് കോട്ടപ്പുറം രൂപതാംഗങ്ങൾ എന്നതിൽ അഭിമാനിക്കാം.*** ■

*അവിടുത്തെ ദാസനായ അബ്രാഹത്തിന്റെ സന്തതികളേ, അവിടുത്തെ തിരഞ്ഞെടുക്കപ്പെട്ടവനായ യാക്കോബിന്റെ മക്കളേ, ഓർമിക്കുവിൻ.*
സങ്കീർത്തനങ്ങൾ 105 : 6

# വികാസ് ആൽബർട്ടൈൻ ആനിമേഷൻ സെന്ററിനും പ്രസന്റേഷൻ കോളേജിനും വേണ്ടിയുള്ള സമരങ്ങൾ





ജോയി ഗോതുരുത്ത്

ഇപ്പോൾ വികാസ് ആൽബർട്ടൈൻ ആനിമേഷൻ സെന്റർ സ്ഥിതിചെയ്യുന്ന സ്ഥലം കോട്ടപ്പുറം രൂപത പാസ്റ്ററൽ സെന്ററിന്റെ നിർമ്മാണത്തിനായി രൂപത കാര്യാലയം വാങ്ങി. രൂപത ഓഫീസ് സമുച്ചയത്തിന്റെ കേന്ദ്രമായി വികാസ് നിർമ്മിക്കാനുള്ള പ്രവർത്തനം ആരംഭിച്ചപ്പോഴാണ് ഒരു പ്രശ്നം കണ്ഠകോടാലിയായി ഉയർന്നുവന്നത്. ഈ സ്ഥലത്തിന്റെ പ്രവേശന മേഖല വളരെ വർഷങ്ങൾക്കുമുമ്പ് മേത്തല പഞ്ചായത്ത് ബസ്സ് സ്റ്റാന്റ് നിർമ്മിക്കുന്നതിനായി മരവിപ്പിച്ച സ്ഥലമായിരുന്നു. എന്നാൽ ആ സ്ഥലം ഏറ്റെടുക്കുന്നതിനോ ബസ് സ്റ്റാന്റ് നിർമ്മിക്കുന്നതിനോ വേണ്ടിയുള്ള യാതൊരു നടപടികളും തുടങ്ങിയിട്ടുണ്ടായിരുന്നില്ല. ഈ സ്ഥലം മരവിപ്പിക്കലിൽനിന്ന് ഒഴിവാക്കി തരണമെന്ന രൂപതയുടെ അഭ്യർത്ഥന ചില തൽപരകക്ഷികളുടെ പിടിവാശി മൂലം പഞ്ചായത്ത് അധികൃതർ പരിഗണിച്ചില്ല. **അപേക്ഷകൾ പലവുരു നിഷേധിക്കപ്പെട്ടപ്പോഴാണ് കെ.എൽ.സി.എ.യുടെയും കെ.സി.വൈ.എംന്റെയും സംയുക്ത എക്സിക്യൂട്ടീവ് യോഗം 1990 ജനുവരി 7 ന് ചേർന്ന് പ്രത്യക്ഷ സമര പരിപാടികൾക്ക് രൂപം നൽകിയത്.** ജനുവരി 10 ന് കോട്ടപ്പുറം കേന്ദ്രീകരിച്ച് ഒരു ആക്ഷൻ കൗൺസിൽ രൂപീകരിച്ചു. കെ.ജി സേവ്യർ കൂടല്ലൂർ ചെയർമാനും ജയ്സൺ ചക്കനാട്ട് ജനറൽ കൺവീനറുമായിരുന്നു. ജനുവരി 22 ന് കോട്ടപ്പുറം മാർക്കറ്റ്, കോട്ട എന്നിവിടങ്ങളിലും ജനുവരി 23 ന് ടി.കെ.എസ്. പുരം, പി.സി. ജംഗ്ഷൻ എന്നിവിടങ്ങളിലും പ്രചാരണ യോഗങ്ങൾ നടത്തി. പഞ്ചായത്ത് അധികൃതരുടെ വിവേചന നടപടികളെ തുറന്നു കാണിച്ചു. അതിനെത്തുടർന്ന് പഞ്ചായത്ത് അധികൃതർ ഇടപെട്ട് പ്രശ്ന പരിഹാരത്തിനായി സന്നദ്ധരായി. മാർച്ച് 11 ന് ചേർന്ന പഞ്ചായത്ത് കമ്മിറ്റി യോഗം ഈ ഭൂമി മരവിപ്പിക്കൽ പിൻവലിക്കുകയുണ്ടായി. അതിനെത്തുടർന്നാണ് വികാസ് നിർമ്മാണം നടത്താനായത്. പിന്നീട് ഘട്ടം ഘട്ടമായാണ് ആൽബർട്ടൈൻ ആനിമേഷൻ സെന്ററിന്റെ നിർമ്മാണം പൂർത്തിയായത്. കോട്ടപ്പുറം രൂപത അല്മായ പ്രസ്ഥാനത്തിന്റെ പ്രഥമ അവകാശ സംരക്ഷണസമരമായിരുന്നു അത്.

പുത്തൻവേലിക്കരയിലെ മാനാഞ്ചേരിക്കുന്നിൽ കോളേജ് അനുവദിക്കുന്നതിനുവേണ്ടി കെ.എൽ.സി.എ.യുടെയും കെ.സി.വൈ.എം.ന്റെയും നേതൃത്വത്തിൽ നടത്തപ്പെട്ട സമര



മാണ് മറ്റൊന്ന്. മെത്രാസന മന്ദിരത്തിനുള്ള സ്ഥലം കണ്ടെത്തുന്നതിന് മുമ്പുതന്നെ പുത്തൻവേലിക്കരയിൽ കോളേജിനു വേണ്ടി രൂപത സ്ഥലം വാങ്ങിയിരുന്നു. റെഗുലർ കോളേജ് അനുവദിക്കാനായിരുന്നു സർക്കാരിന്റെ മുന്നിൽ നിവേദനം നൽകിയത്. പക്ഷേ അനുഭാവപൂർണമായ മറുപടി സർക്കാരിൽ നിന്ന് ലഭിക്കാത്തതു മൂലമായിരുന്നു സമരത്തിനായി സജ്ജരായത്. ജോസഫ് പനക്കൽ ചെയർമാനും അഗസ്റ്റിൻ പനച്ചിക്കൽ ജനറൽ കൺവീനറുമായ ആക്ഷൻ കൗൺസിൽ രൂപീകരിക്കപ്പെട്ടു. ബോധവൽക്കരണ പരിപാടികൾ ഉൾപ്പെടെ മൂന്ന് ഘട്ടമായിട്ടാണ് സമരം നടന്നത്. ഒന്നും രണ്ടും ഘട്ടങ്ങളിൽ 1994 ആഗസ്റ്റ് 25 ന് തുരുത്തിപ്പുറത്തും, സെപ്റ്റംബർ 5 ന് കൊടുങ്ങല്ലൂരിലും ധർണ്ണകൾ നടത്തി. പല ഇടവകകളിലും കെ.സി.വൈ.എം.ന്റെ നേതൃത്വത്തിൽ പ്രാദേശിക സമരങ്ങൾ, പ്രകടനങ്ങൾ എന്നിവ നടത്തി. ഒക്ടോബർ 3 ന് കീഴൂപ്പാടം മുതൽ തുരുത്തിപ്പുറം വരെ പ്രചാരണ വാഹനജാഥ നടത്തി. ഒക്ടോബർ 9 ന് മാളപള്ളിപുറത്തു നിന്ന് മാളയിലേക്ക് പ്രതിഷേധ റാലി നടത്തി. അതോടെ അന്നത്തെ മുഖ്യമന്ത്രി കെ. കരുണാകരൻ ഇടപെടുകയും കോട്ടപ്പുറം രൂപതക്ക് മാനാഞ്ചേരിക്കുന്നിൽ കോളേജ് അനുവദിച്ചു തരാമെന്ന് വാഗ്ദാനം ചെയ്യുകയും ചെയ്തു. അതിനെ തുടർന്ന് സമര പരിപാടികൾ അവസാനിപ്പിക്കുകയുണ്ടായി. **2002 ൽ പ്രസന്റേഷൻ കോളേജിന്റെ സംസ്ഥാപനത്തോടെ എം ജി യൂണിവേഴ്സിറ്റിയുടെ കീഴിൽ കോളേജ് എന്ന രൂപതയുടെ സ്വപ്നം സാക്ഷാത്കൃതമായി.** ■

# ഗുരുത്വം



**അഗസ്റ്റിൻ പനച്ചിക്കൽ**
കോട്ടപ്പുറം

**ക**തിരവനുണരുമ്പോൾ
പ്രഭാതകർമ്മങ്ങൾ കഴിഞ്ഞവൻ
പ്രാർത്ഥനാമഞ്ചരി തൂകി
മുത്തച്ഛനുരുവിട്ടതോർമ്മയായി

നന്മമാത്രം ചെയ്തിടേണം
തിന്മയായതു തള്ളിടേണം
നല്ലവാക്ക് നാവിലുണരാൻ
ഹൃത്തിൽ ഈശ്വരകൃപവേണം

മാതാപിതാദൈവമെന്ന്
മനതാരിൽ ഭവിക്കേണം
ഉത്തമനായ് പഠിച്ചുണരാൻ
നാവിൽ ദേവസ്മൃതിവേണം

അക്ഷരദീപമായ്
സ്വരരാഗവീണയായ്
വളർന്ന് പടരാനായ്
ഗുരുത്വമേകണമെന്നുമെന്നും ■





അവിടുന്നു തന്റെ ഉടമ്പടി എന്നേക്കും അനുസ്മരിക്കും;
തന്റെ വാഗ്ദാനം തലമുറകൾവരെ ഓർമിക്കും.
സങ്കീർത്തനങ്ങൾ 105 : 8



# രൂപത അദ്ധ്യക്ഷന്റെ ഇടവക സന്ദർശനം

രൂപതാദ്ധ്യക്ഷൻ തന്നെ ഭരമേൽപ്പിച്ചിട്ടുള്ള വിശ്വാസി സമൂഹത്തിന്റെ ആത്മീയ-ഭൗതീക വളർച്ച വിലയിരുത്താനും ആഗോള കത്തോലിക്കാ സഭയുടെയും രൂപതകളുടെയും സഭാപാലന പദ്ധതിയനുസരിച്ച് ഇടവകകളുടെ പ്രവർത്തനങ്ങളെ സജ്ജമാക്കുന്നതിനുവേണ്ടി **ഇടവകകളിലേക്ക് രൂപതാമെത്രാൻ നടത്തുന്ന യാത്രയാണ് ഇടയ സന്ദർശനം (പാസ്റ്ററൽ വിസിറ്റ്)**. മെത്രാന്റെ ഇടയ സന്ദർശനം ഒരു അപ്പസ്തോലിക ഉദ്യമമാണ്. മെത്രാൻ വർഷം തോറും പൂർണ്ണമായോ ഭാഗികമായോ രൂപത സന്ദർശിക്കുവാൻ ബാധ്യസ്ഥനാണ്. അതിനാൽ *കുറഞ്ഞത് അഞ്ചു വർഷത്തിലൊരിക്കൽ രൂപത മുഴുവനും സന്ദർശിക്കണമെന്നു കത്തോലിക്കാ സഭയുടെ കാനൻ നിയമം 391:1 അനുശാസിക്കുന്നു.*

**ഇടയ സന്ദർശനത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ താഴെ പറയുന്നു.**

1. ***ഇടവകയിലെ അജപാലന ജീവിതത്തിന്റെ വിവിധ മേഖലകളിൽ ഉത്തരവാദിത്തമുള്ള വ്യക്തികളുമായി ബന്ധം സ്ഥാപിക്കുക.***
2. ***ഇടവകയുടെയും ഇടവക വിശ്വാസികളുടെയും ചുറ്റുപാടുകൾ, സാമൂഹിക സാമ്പത്തിക അവസ്ഥ, നിലവിലെ അജപാലന പ്രവർത്തനങ്ങൾ എന്നിവ മനസിലാക്കുക.***
3. ***ഇടവക സമൂഹത്തോടൊപ്പം ബലിയർപ്പിച്ചും പ്രാർത്ഥന ശുശ്രൂഷയിൽ പങ്കുചേർന്നും അവരുടെ വിശ്വാസത്തെ പ്രോജ്വലിപ്പിക്കുക.***
4. ***ഇടവക വിശ്വസികളേയും പ്രത്യേകിച്ച് പ്രായാധിക്യത്താൽ വിഷമിക്കുന്നവരെയും സന്ദർശിച്ചു അവർക്ക് ആശ്വാസവും പ്രത്യാശയ്യും പകരുക.***
5. ***ഇടവകയുടെ ഔദ്യോഗിക രേഖകളും രജിസ്റ്ററുകളും പരിശോധിക്കുക.***
6. ***ഇടവകയിലെ പാരിഷ് കൗൺസിൽ, കുടുംബയൂണിറ്റു ഭാരവാഹികൾ, സംഘടനാ പ്രതിനിധികൾ, മതബോധന വിഭാഗം, യുവജനങ്ങൾ എന്നിവരുമായി മീറ്റിംഗുകൾ നടത്തുകയും അവയുടെ പ്രവർത്തങ്ങൾ വിലയിരുത്തുകയും മുന്നോട്ടുള്ള പ്രവർത്തങ്ങളിൽ മാർഗനിർദേശം നൽകുകയും അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.***


ഒരു ഇടവകയിൽ രണ്ടോ മൂന്നോ ദിവസങ്ങൾ നീണ്ടു നിൽക്കുന്ന ഇടയ സന്ദർശനം ഇടവക സമൂഹത്തിന്റെ ജീവിതത്തേയും പ്രവത്തനങ്ങളേയും മെച്ചപ്പെടുത്തുന്നതിനും അവരെ വിശ്വാസത്തിൽ കൂടുതൽ ഉറപ്പിക്കുന്നതിനും വലിയൊരു പങ്കുവഹിക്കുന്നു.

ജൂലൈ 7 ന്
ജന്മദിനം ആഘോഷിക്കുന്ന

**അഖിൽ ജോർജിന്**
**പ്രാർത്ഥനാശംസകൾ**

സ്നേഹപൂർവ്വം,
**അപ്പച്ചനും അമ്മച്ചിയും**





ജൂലൈ 14 ന്
ജന്മദിനം ആഘോഷിക്കുന്ന

**വർഗീസ് കാട്ടാശ്ശേരി അച്ചന്**
**പ്രാർത്ഥനാശംസകൾ**

ആശംസകളോടെ...
**കാട്ടാശ്ശേരി കുടുംബാംഗങ്ങൾ**

# ഗ്യാസ് ലൈറ്റിംഗ് : മാനസിക പ്രഹരത്തിന്റെ മനഃശാസ്ത്രം



ഫാ. രൂപേഷ് മൈക്കിൾ കളത്തിൽ



**കു**റെ നാളുകൾക്കു ശേഷമാണ് ഒരു മനഃശാസ്ത്ര പുസ്തകം വായിക്കാൻ കയ്യിലെടുക്കുന്നത്. അവസാനമായി വായിച്ച മനഃശാസ്ത്ര പുസ്തകം **ഫ്രോയിഡിന്റെ 'സ്വപ്നങ്ങളുടെ അപഗ്രഥനം'** (Interpretations of dream) എന്ന പുസ്തകം ആയിരുന്നു. ഗ്യാസ് ലൈറ്റിംഗ് മാനസിക പ്രഹരത്തിന്റെ മനഃശാസ്ത്രം എന്ന ഈ പുസ്തകം വായിക്കുവാൻ തിരഞ്ഞെടുത്തതിന് പിന്നിൽ രണ്ട് കാരണങ്ങളുണ്ട്. ഒന്നാമത്തെ കാരണം ഗ്യാസ്ലൈറ്റിംഗിനെ കുറിച്ച് മുൻപ് ചെറിയൊരു കുറിപ്പ് വായിച്ചിരുന്നു. ആ വായന, പിന്നീട് ഗ്യാസ്ലൈറ്റിംഗിനെക്കുറിച്ചു വിശദമായി വായിക്കണം എന്നുള്ള പ്രേരണ നൽകിയിരുന്നു. രണ്ടാമത്തെ കാരണം എന്റെ അജപാലന ജീവിതത്തിലെ ഒരു പ്രത്യേക കാലഘട്ടത്തിൽ ഒരു ഗ്യാസ് ലൈറ്ററുമായും അയാൾ നിയന്ത്രിക്കുന്ന ഏതാനും ചില ഇരകളും ആയും പ്രവർത്തിക്കുവാൻ ഇടയായിരുന്നു. കാര്യങ്ങൾ അറിഞ്ഞു വന്നപ്പോഴേക്കും ഇടവക സമൂഹത്തെ ഭംഗിയായി ഭിന്നിപ്പിക്കുവാൻ അയാൾക്ക് സാധിച്ചിരുന്നു. ഇപ്പോഴും അവിടെയുള്ള പാവം മനുഷ്യർ ആ വ്യക്തിത്വത്തെ തിരിച്ചറിയാതെ ജീവിക്കുന്നുണ്ട്.

കഴിഞ്ഞ ഫെബ്രുവരി (2024) മാസം മലയാള മനോരമപത്രത്തിൽ **ഗ്യാസ് ലൈറ്റിങ്ങിനെ ആധാരമാക്കി ഇറങ്ങിയ ഈ പുസ്തകത്തെക്കുറിച്ചുള്ള ചെറിയൊരു കുറിപ്പ് ഉണ്ടായിരുന്നു**. ഈ പുസ്തകം സംഘടിപ്പിച്ച് വായിക്കണമെന്ന് അന്നേ തീരുമാനിച്ചിരുന്നു. സ്വല്പം ബുദ്ധിമുട്ടിയിട്ടാണ് ഈ പുസ്തകം സംഘടിപ്പിച്ചത് കാരണം മലയാള മനോരമയിൽ വന്നിരുന്ന ബുക്ക് റിവ്യൂവിൽ പുസ്തകത്തിന്റെ പ്രസാദകരുടെ പേര് കൊടുത്തിരുന്നില്ല. എന്നാൽ മലയാള മനോരമയിൽ വന്ന റിവ്യൂവിന്റെ തീയതി ഓർമ്മയുണ്ടായിരുന്നു. അതുകൊണ്ട് കാർമൽഗിരി സെമിനാരിയിലെ ലൈബ്രറിയിൽ പോയി ആ തീയതിയിലുള്ള മലയാള മനോരമ പത്രം എടുത്ത് വീണ്ടും ആ കുറിപ്പ് വായിച്ച് നെറ്റിൽ സെർച്ച് ചെയ്താണ് ഈ പുസ്തകം കണ്ടെത്തിയത്.

എഴുത്തുകാരിയും കൗൺസിലിംഗ് രംഗത്ത് പ്രവർത്തിക്കുകയും ചെയ്യുന്ന **ഹാബി സുധനാണ്** ഈ പുസ്തകം രചിച്ചിട്ടുള്ളത്. ഐവറി ബുക്ക്സ് ആണ് പ്രസിദ്ധീകരണം നിർവഹിച്ചിട്ടുള്ളത്. 272 പേജുകൾ ഉള്ള ഈ പുസ്തകത്തിന്റെ വില 350 രൂപയാണ്.

'ഗ്യാസ് ലൈറ്റിംഗ്'എന്ന പെരുമാറ്റ രീതിയെക്കുറിച്ച് ഒരു പൊതുബോധം ഉണ്ടാക്കുക എന്നതാണ് ഈ പുസ്തകത്തിന്റെ ലക്ഷ്യം. **എന്താണ് ഗ്യാസ് ലൈറ്റിംഗ്?** 1940-കളിലാണ് ഗ്യാസ് ലൈറ്റിംഗ് എന്ന പദപ്രയോഗം പൊതുസമൂഹത്തിന്റെ ശ്രദ്ധനേടുന്നത്. **ഉപായങ്ങളും, കൗശലങ്ങളും കൊണ്ട് മനുഷ്യരെ തങ്ങളുടെ താൽപര്യങ്ങൾക്ക് അനുസരിച്ച് തരപ്പെടുത്തി നിയന്ത്രണ വിധേയമാക്കുന്ന തന്ത്രമാണ് ഗ്യാസ് ലൈറ്റിങ്.** ദീർഘനാൾ മനുഷ്യർ പരസ്പരം കണ്ടുമുട്ടുകയും ഒത്തൊരുമിച്ച് പ്രവർത്തിക്കുകയും ചെയ്യുന്ന ഇടങ്ങളിലാണ് ഗ്യാസ് ലൈറ്റിങ്ങിന്റെ പ്രവർത്തനങ്ങൾ കണ്ടുവരുന്നത്. പ്രത്യേകിച്ചും കുടുംബങ്ങളാണ് ഇതിന് വേദികളായി മാറുന്നത്. ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വ്യക്തികളെ 'പീഡകർ' എന്നും ഇതിന് വിധേയരാകുന്ന ആളുകളെ 'ഇരകൾ' എന്നും വിളിക്കാം അത്രയ്ക്ക് ക്രൂരമാണ് ഗ്യാസ് ലൈറ്റിങ്ങിന്റെ പ്രവർത്തനങ്ങൾ.

**പാട്രിക് ഹാമിൽറ്റന്റെ 1938ൽ അവതരിപ്പിക്കപ്പെട്ട ഗ്യാസ് ലൈറ്റ് എന്ന നാടകത്തിൽ നിന്നാണ് ഗ്യാസ് ലൈറ്റ് എന്ന പദത്തിന്റെ ഉല്പത്തി.** 1944 നാടകം സിനിമയായതിന് ശേഷമാണ് ഈ പദം പ്രചാരത്തിൽ വരുന്നത്. ഒരു വ്യക്തിയെയോ ഒന്നിലധികം ആളുകളെയോ വൈകാരികമായോ മാനസികമായോ ബുദ്ധിപരമായോ ദുരുപയോഗപ്പെടുത്തുന്ന അവസ്ഥയ്ക്ക് മനഃശാസ്ത്രത്തിൽ ഉരുത്തിരിഞ്ഞുവന്ന പേരാണ് ഗ്യാസ് ലൈറ്റിംഗ്. **ഗ്യാസ് ലൈറ്റിങ്ങിന്റെ വിവിധ വശങ്ങളും ഘട്ടങ്ങളുമാണ് ഈ പുസ്തകത്തിലെ മുഖ്യപ്രമേയമായി അവതരിപ്പിച്ചിട്ടുള്ളത്.** 50 ചെറു അധ്യായങ്ങളായി തിരിക്കപ്പെട്ടിട്ടുള്ള ഈ മാനസിക സ്വഭാവപഠന പുസ്തകത്തിൽ ആശയങ്ങളെ രണ്ട് ഭാഗങ്ങളായാണ് തിരിച്ചിട്ടുള്ളത് **ഒന്നാം ഭാഗം 'പീഡന തന്ത്രം'** എന്ന തലക്കെട്ടിലാണ് അവതരിപ്പിച്ചിട്ടുള്ളത്. ഇതിൽ ഗ്യാസ് ലൈറ്റിങ്ങിന്റെ വിവിധ വശങ്ങളും ഗ്യാസ് ലൈറ്ററുടെ മാനസിക തലങ്ങളും സൂക്ഷ്മമായി അവതരിപ്പിക്കുന്നു. കൂടാതെ ഇരയുടെ മാനസിക ഭാവങ്ങളിലേക്കും ഗ്യാസ് ലൈറ്റിംഗ് മൂലം അയാൾ അനുഭവിക്കുന്ന മാനസിക വ്യഥകളിലേക്കും ശ്രദ്ധ ചെലുത്തിയിരിക്കുന്നു. ഇതിലൂടെ വായനക്കാരന് ഗ്യാസ് ലൈറ്റിങ്ങിനെ കുറിച്ചും ഗ്യാസ് ലൈറ്ററുടെ സ്വഭാവത്തെക്കുറിച്ചും വ്യക്തമായ ധാരണ ലഭിക്കുന്നു. **രണ്ടാം ഭാഗം 'തിരിച്ചറിവുകൾ തയ്യാറെടുപ്പുകൾ'** എന്ന തലക്കെട്ടിലാണ് അവതരിപ്പിച്ചിട്ടുള്ളത്. ശീർഷകം സൂചിപ്പിക്കുന്നതുപോലെ ഈ ഭാഗത്ത് ഗ്യാസ് ലൈറ്റിങ്ങിനെക്കുറിച്ചുള്ള തിരിച്ചറിവുകളും അതിനെതിരെ എങ്ങനെ പ്രതിരോധം സൃഷ്ടിക്കാമെന്നും വ്യക്തമാക്കുന്നു.



പുറമേ ഭംഗിയായി കാണപ്പെടുന്നുവെങ്കിലും സമൂഹത്തിൽ മാനസിക പ്രതിസന്ധി അനുഭവിക്കുന്ന മനുഷ്യരുടെ എണ്ണം കൂടിവരുന്നു എന്നാണ് മാനസികാരോഗ്യ പഠന കണക്കുകൾ സൂചിപ്പിക്കുന്നത്. കുടുംബ പശ്ചാത്തലവും, ജീവിതശൈലികളുമാണ് മനുഷ്യരിൽ പലപ്പോഴും മാനസിക അസ്വാസ്ഥ്യം സൃഷ്ടിക്കുന്നത്. പുറമേ മെച്ചപ്പെട്ട ഒരു വ്യക്തിത്വം പ്രദർശിപ്പിക്കുന്നത് കൊണ്ട്, ഗ്യാസ് ലൈറ്റിങ് പോലെയുള്ള അപകടകരമായ പ്രവണത കുടുംബത്തിലും സമൂഹത്തിലും സൃഷ്ടിക്കുന്ന സൈക്കോപാത്തുകളെ എളുപ്പത്തിൽ തിരിച്ചറിയാൻ സാധിക്കാറില്ല. അതിനാൽ ഇത്തരത്തിലുള്ള വായനകളാണ് ഇതിനെക്കുറിച്ച് അവബോധം സൃഷ്ടിക്കാൻ സഹായിക്കുന്നത്. ഈ അവബോധം വായനക്കാരനിൽ നിർമ്മിക്കാൻ സഹായിക്കുന്നു എന്നതാണ് ഈ പുസ്തകത്തിന്റെ മേന്മ.

■



*അവിടുന്ന് എനിക്ക് ഉൻമേഷം നൽകുന്നു; തന്റെ നാമത്തെപ്രതി നീതിയുടെ പാതയിൽ എന്നെ നയിക്കുന്നു.* സങ്കീർത്തനങ്ങൾ 23 : 3



**കത്തോലിക്കാ സഭയെ അറിയാം... പഠിക്കാം...**

# ലാ ഒസർവത്താരോ റൊമാനോ

*Unicuique suum*    *Non praevalebunt*

**അനി ജോസഫ്, കൂട്ടുകാട്**

**വ**ത്തിക്കാൻ സ്റ്റേറ്റിന്റെ ദിനപത്രം ആണ് **ലാ ഒസർവത്താരോ റൊമാനോ**. (ഇറ്റാലിയൻ ഭാഷയിൽ എൽ ഓസർവറ്റോർ റൊമാനോ) *ഈ പേരിന്റെ അർത്ഥം റോമൻ നിരീക്ഷകൻ* (The Roman Observer) എന്നാണ്. വത്തിക്കാനിലും റോമിലുമുള്ള പ്രത്യേക വാർത്തകൾ, പരിശുദ്ധ പിതാവിന്റെ പ്രവർത്തനങ്ങൾ, കൂടാതെ കത്തോലിക്കാ സഭയിലെ വിശേഷ വാർത്തകൾ തുടങ്ങിയവ റിപ്പോർട്ട് ചെയ്യുന്ന ദിനപത്രമാണിത്. ആഴ്ചയിൽ ആറു ദിവസമാണ് ഈ പത്രം പ്രസിദ്ധീകരിക്കുന്നത്. ഇത് പരിശുദ്ധ സിംഹാസനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നടത്തപ്പെടുന്നു. **L osservatero Romano യുടെ ആദ്യ ലക്കം 1861 ജൂലൈ മാസം ഒന്നിന് പ്രസിദ്ധീകരിച്ചു.** വത്തിക്കാൻ റേഡിയോപോലെ പരിശുദ്ധ സിംഹാസനത്തെ സംബന്ധിച്ച വാർത്തകൾ പ്രചരിപ്പിക്കുന്നതിനുള്ള ഔദ്യോഗിക സ്രോതസുകളിൽ ഒന്നാണ് ഈ പത്രം. 1885ൽ ലിയോ പതിമൂന്നാമൻ പാപ്പയുടെ തീരുമാനപ്രകാരം വത്തിക്കാൻ ഈ പത്രം പൂർണ്ണമായും ഏറ്റെടുത്ത് പരിശുദ്ധ സിംഹാസനത്തിന്റെ സ്വന്തമാക്കി മാറ്റി. കോവിഡ് അടിയന്തരാവസ്ഥയെ തുടർന്ന് 2020 മാർച്ച് 26 മുതൽ ഒക്ടോബർ മൂന്നുവരെ ഈ പത്രത്തിന്റെ അച്ചടി താൽക്കാലികമായി നിർത്തിവച്ചു. **ഇറ്റാലിയൻ ഭാഷയിൽ മാത്രമല്ല ആഴ്ചപ്പതിപ്പായി ഫ്രഞ്ച്, ഇംഗ്ലീഷ്, സ്പാനിഷ്, പോർച്ചുഗീസ്, ജർമ്മൻ, മലയാളം എന്നീ ഭാഷകളിലും ഇത് പ്രസിദ്ധീകരിക്കുന്നു.** പരിശുദ്ധ സിംഹാസനത്തിൽ നിന്നും നേരിട്ട് നടത്തപ്പെടുന്നതാണെങ്കിലും ഇത് കത്തോലിക്കാ സഭയുടെ ഔദ്യോഗിക ഗസറ്റല്ല.

**പരിശുദ്ധ സിംഹാസനത്തിന്റെ ഔദ്യോഗിക ഗസറ്റ് എന്നറിയപ്പെടുന്നത് Acta Apostolicae Sedis** (ആക്ത അപ്പസ്തോലിച്ചേ സേദിസ് - ലാറ്റിൻ ഭാഷയിൽ ) ആണ്. 1908 സെപ്റ്റംബർ 29ന് പയസ് പത്താമൻ പാപ്പയാണ് ഇത് സ്ഥാപിച്ചത്. 1909 ജനുവരിയിൽ പ്രസിദ്ധീകരണം ആരംഭിച്ച കത്തോലിക്കാ സഭയുടെ ഈ ഔദ്യോഗിക ഗസറ്റ് വർഷത്തിൽ ഏകദേശം 12 തവണ പ്രസിദ്ധീകരിക്കുന്നു.

■

ജൂലൈ 3-ാം തീയതി
നാമഹേതുക തിരുനാൾ
ആഘോഷിക്കുന്ന

# ടോണി കൈതത്തറ അച്ചന്

പ്രാർത്ഥനാശംസകൾ



ആശംസകളോടെ...

ഫ്രാൻസീസ് റാഫേൽ കൈതത്തറ അച്ചനും
കൈതത്തറ കുടുംബാംഗങ്ങളും

---

ജൂലൈ 3–ാം തീയതി
നാമഹേതുക തിരുനാൾ
ആഘോഷിക്കുന്ന

# ബിജു തോമസ് പാലപ്പറമ്പിൽ അച്ചന്

പ്രാർത്ഥനാശംസകൾ



ആശംസകളോടെ...

മാതൃഇടവകാംഗങ്ങളായ
പ്രിൻസ് പടമാട്ടുമ്മലച്ചനും
ജോൺസൺ പങ്കേത്ത് അച്ചനും





റോമ 12:1–12

# യുവജനങ്ങളെ നിങ്ങൾ സഭയുടെ ‘ഇന്നാകുന്നു’

**ഫാ. ആന്റെൺ ജോസഫ് ഇലഞ്ഞിക്കൽ**

**കേരള കത്തോലിക്കാ സഭ 2024 വർഷത്തെ യുവജനവർഷമായിട്ടാണ് ആചരിക്കുന്നത്.** പരിശുദ്ധ ഫ്രാൻസിസ് പാപ്പാ 2022 ൽ പ്രഖ്യാപിച്ച സിനഡാത്മക സഭയുടെ നവീകരണ പശ്ചാത്തലത്തിലാണ് ഈ വർഷം യുവജന വർഷമായി ആചരിക്കുവാൻ തീരുമാനിച്ചത്. **‘കണ്ണിൽ കനവും കരളിൽ കനലും കാലിൽ ചിറകുമുള്ള ക്രൈസ്തവ യുവത്വം’** എന്നതാണ് യുവജന വർഷത്തിന്റെ ആപ്തവാക്യം. പിതാവായ ദൈവത്തിന്റെ കരുണയുള്ള കണ്ണുകളും പുത്രനായ ദൈവത്തിന്റെ തീക്ഷ്ണ ഹൃദയവും പരിശുദ്ധാത്മാവായ ദൈവത്തിന്റെ അഗ്നിച്ചിറകുള്ള കാലുകളും ക്രൈസ്തവ യുവത്വത്തിന്റെ ലക്ഷണമായി മാറണം എന്ന സന്ദേശം പകരുന്നതാണ് ഈ ആപ്തവാക്യം.

### ഞാൻ ക്രിസ്തുവിന്റേത്

വിശുദ്ധ പൗലോസ് ശ്ലീഹാ റോമാക്കാർക്ക് എഴുതിയ ലേഖനത്തിൽ **നാം ഓരോരുത്തരും ക്രിസ്തുവിന്റെ ശരീരത്തിന്റെ ഭാഗമാണ് എന്ന് നമ്മെ പഠിപ്പിക്കുന്നുണ്ട്** (റോമ 12:5). ലോകത്തിന്റെതായി ജീവിക്കുവാനുള്ള വലിയ പ്രലോഭനങ്ങൾ മനുഷ്യരെയെല്ലാം പ്രത്യേകിച്ച് യുവജനങ്ങളെ സ്വാധീനിക്കുന്ന ഒരു കാലത്തിൽ ഈ തിരുവചനത്തിന്റെ ധ്യാനത്തിന് വലിയ പ്രസക്തിയുണ്ട്. പുതിയ കാലത്തിന്റെ പലവിധ പ്രത്യേകതകളാൽ ലോകത്തിന്റെ വിവിധ ഇടങ്ങളിൽ വ്യാപരിക്കുവാൻ ഇന്ന് യുവജനങ്ങൾ നിർബന്ധിതരാകുന്നുണ്ട്. അവിടെ **‘ഞാൻ ക്രിസ്തുവിന്റേത്’ എന്ന ആത്മീയ ജീവിതത്തിന്റെ മേൽവിലാസം യുവജനങ്ങളുടെ ആപ്തവാക്യമായി മാറേണ്ടതുണ്ട്.** ഇപ്രകാരമുള്ള ഒരു ആത്മീയ ബോധ്യത്തിലേക്ക് നമ്മുടെ യുവജനങ്ങൾ വളരേണ്ടതിന് അവരുടെ വിശ്വാസ ജീവിതത്തിലെ രൂപീകരണം ഏറെ പ്രധാനപ്പെട്ടതാണ്. വഴിതെറ്റിപ്പോകുന്ന ഓരോ യൗവനത്തിന്റെയും പിന്നിൽ ശരിയായ വിശ്വാസ ബോധ്യങ്ങളിലും അച്ചടക്കത്തിലും അവരെ വളർത്തിക്കൊണ്ടു വരുന്നതിൽ പരാജയപ്പെട്ട ഒരു ഇന്നലെയുണ്ട്. ഇത്തരം മേഖലകളെ ആത്മവിമർശനപരമായി കാണുവാനും തിരുത്തുവാനും ക്രൈസ്തവ കൂട്ടായ്മകൾക്ക് സാധിക്കേണ്ടതുണ്ട്.

### യുവജനങ്ങൾ സഭയുടെ ‘ഇന്ന്’

യുവജന വർഷ സമാപനത്തോടനുബന്ധിച്ച് പരിശുദ്ധ ഫ്രാൻസിസ് പാപ്പ പുറത്തിറക്കിയ

**'ക്രിസ്തു ജീവിക്കുന്നു' (Christus Vivit)** എന്ന സിനഡാനന്തര അപ്പോസ്തോലിക ആഹ്വാനത്തിൽ 'യുവജനങ്ങളെ നിങ്ങൾ സഭയുടെ ഇന്നാണ്' എന്ന് പരിശുദ്ധ പിതാവ് പ്രത്യേകം ഊന്നിപ്പറയുന്നു. **അതിന്റെ അർത്ഥം സഭ ഇന്ന് നേരിടുന്ന വിവിധങ്ങളായ പ്രതിസന്ധികളിൽ സഭയുടെ കരുത്ത് യുവജനങ്ങളാണ് എന്ന് മാത്രമല്ല, ഒപ്പം ഇന്നത്തെ യൗവനം നേരിടുന്ന പ്രതിസന്ധികളെല്ലാം സഭ നേരിടുന്ന വെല്ലുവിളികൾ കൂടിയാണ് എന്ന അർത്ഥം കൂടിയുണ്ട്.** ഇന്നത്തെ യുവജനങ്ങൾ പൊതുവിലും ക്രൈസ്തവ യുവത്വം പ്രത്യേകിച്ചും കടന്നുപോയിക്കൊണ്ടിരിക്കുന്ന സാംസ്കാരികവും വിശ്വാസപരവും തൊഴിൽപരവുമായ വെല്ലുവിളികളെ നാം ജീവിക്കുന്ന സാമൂഹിക പശ്ചാത്തലത്തിന്റെ പ്രത്യേകതകളിൽ മനസ്സിലാക്കുവാനും അതിനുചിതമായ ഇടപെടലുകൾ നടത്തുവാനും ഒരു സമൂഹമെന്ന നിലയിലും സമുദായം എന്ന നിലയിലും നമുക്ക് സാധിക്കേണ്ടതുണ്ട്.

**വെല്ലുവിളികൾ**

നിരവധിയായ പ്രതിസന്ധികളാണ് നമ്മുടെ നാട്ടിലെ യുവജനങ്ങൾ ഇന്ന് നേരിടുന്നത്. തൊഴിലില്ലായ്മയുടെയും മികച്ച വേതന ലഭ്യതയുടെ അഭാവം മൂലവും യുവജനങ്ങൾ കൂട്ടമായി വിദേശരാജ്യങ്ങളിലേക്ക് കുടിയേറ്റം നടത്തിക്കൊണ്ടിരിക്കുന്ന ഒരു സമയമാണിത്. മികച്ച പഠന അവസരങ്ങളും, ജോലി സാധ്യതകളും, ജീവിതനിലവാരവും മറ്റ് സൗകര്യങ്ങളും എല്ലാം തന്നെ കൂട്ടമായ ഈ കുടിയേറ്റത്തിന് കാരണമാകുന്നുണ്ട്. മുൻകാലങ്ങളിൽ തൊഴിൽപരമായ കാരണങ്ങളാൽ പ്രവാസജീവിതം നയിച്ചിരുന്നവരിൽ നിന്ന് വ്യത്യസ്തമാണ് ഇന്നത്തെ കുടിയേറ്റം. വിദേശരാജ്യങ്ങളിലേക്ക് ചേക്കേറുന്ന നമ്മുടെ യുവജനങ്ങൾ അവിടെത്തന്നെ സ്ഥിരതാമസമാക്കുന്ന രീതിയിലുള്ള കുടിയേറ്റ രീതിയാണ് ഇന്ന് കണ്ടുവരുന്നത്. നമ്മുടെ രാജ്യത്തിന്റെയും നാടിന്റെയും വികസന പ്രക്രിയയിൽ ചലനാത്മക ശക്തിയാകേണ്ട ഒരു യുവതലമുറ ഏറെക്കുറെ മുഴുവനായും വിദേശരാജ്യങ്ങളിലേക്ക് തങ്ങളുടെ ജീവിതങ്ങൾ പറിച്ചു നടേണ്ടിവരുന്ന സാഹചര്യം ദൂരവ്യാപകമായ ചില സാമൂഹിക മാറ്റങ്ങൾക്ക് വഴിവെക്കും. മികച്ച വേതനം ലഭിക്കുന്ന തൊഴിൽ സാഹചര്യങ്ങളുടെ അഭാവത്തിന് ശാശ്വതമായ പരിഹാരങ്ങൾ സർക്കാർ തലത്തിൽ തന്നെ കാണേണ്ടതുണ്ട്. ഉന്നത വിദ്യാഭ്യാസം നേടിയ പുരുഷന്മാരുടെ അഭാവം നമ്മുടെ സമുദായം നേരിടുന്ന വലിയ പ്രതിസന്ധികളിൽ ഒന്നാണ്. ഉന്നത വിദ്യാഭ്യാസം നേടിയ പെൺകുട്ടികൾക്ക് അവർക്കിണങ്ങിയ ജീവിതപങ്കാളിയെ ലത്തീൻ സമൂഹത്തിൽ നിന്ന് കണ്ടെത്തുകയെന്നത് പ്രയാസകരമായിരിക്കുന്നു. അതേസമയം വിവാഹ പ്രായം കഴിഞ്ഞിട്ടും അവിവാഹിതരായി കഴിയുന്ന പുരുഷന്മാരുടെ എണ്ണം ഒത്തിരിയേറെ നമ്മുടെ സമൂഹത്തിൽ വർദ്ധിച്ചിട്ടുണ്ട്. അതോടൊപ്പം യുവജനങ്ങളുടെ വിശ്വാസ ജീവിതത്തിലെ ചോദ്യങ്ങൾക്കും സന്ദേഹങ്ങൾക്കും മറുപടി നൽകുവാനും അവർ കടന്നുപോകുന്ന മാനസീക സംഘർഷങ്ങളിൽ സമാശ്വാസമാകുവാനും നമുക്കുസാധിക്കണം.

**ഉപസംഹാരം**

ഇത്തരം ഗൗരവതരമായ നിരവധി പ്രശ്നങ്ങളാണ് ഇന്ന് നമ്മുടെ യുവജനങ്ങൾ നേരിടുന്നത്. കൂടുതൽ വെല്ലുവിളികൾ നിറഞ്ഞ ഈ പുതിയ കാലത്തിൽ യുവജനങ്ങളെ ബാധിക്കുന്ന നിരവധിയായ വിഷയങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കുവാൻ സഭാ കൂട്ടായ്മകൾക്ക് സാധിക്കേണ്ടതുണ്ട്. യുവജനങ്ങളുടെ ന്യൂനതകളെ മാത്രം കണ്ടെത്തി കുറ്റപ്പെടുത്തുവാനല്ല ഒരു സിനഡാത്മക സഭ പരിശ്രമിക്കേണ്ടത്, മറിച്ച് എന്നും അവരോടൊപ്പം സഞ്ചരിക്കുവാനും അവരെ മനസ്സിലാക്കുവാനും നമുക്ക് സാധിക്കണം. കാരണം പരിശുദ്ധ



*അവിടുത്തെ നന്മയും കരുണയും ജീവിതകാലം മുഴുവൻ എന്നെ അനുഗമിക്കും;*
*കർത്താവിന്റെ ആലയത്തിൽ ഞാൻ എന്നേക്കും വസിക്കും.*
സങ്കീർത്തനങ്ങൾ 23 : 6

പിതാവ് ഫ്രാൻസിസ് പാപ്പാ നമ്മെ പഠിപ്പിച്ചത് പോലെ യുവജനങ്ങൾ സഭയുടെ ഇന്നാണ്. അവർ ഇന്ന് നേരിടുന്ന വെല്ലുവിളികൾ എല്ലാം തന്നെ, സഭാസമൂഹത്തിന്റെ മുൻപിലുള്ള വെല്ലുവിളികൾ കൂടിയാണ്.

**ചർച്ച ചെയ്യുവാനുള്ള ചോദ്യങ്ങൾ**

1. *നമ്മുടെ ഇടവകയിലെ യുവജനങ്ങൾ നേരിടുന്ന പ്രതിസന്ധികൾ എന്തെല്ലാം?*
2. *ഈ പ്രതിസന്ധികൾക്ക് എന്ത് പരിഹാരങ്ങൾ നമുക്ക് കണ്ടെത്താൻ കഴിയും?*

**പ്രവൃത്തിയ്ക്ക് :**

*യുവജനങ്ങൾ സഭയുടെ ഇന്നായി വർത്തിക്കുവാൻ, ക്രിസ്തുവിന്റേതായി ജീവിക്കുവാൻ കൂദാശാപരമായ ജീവിതത്തിലൂടെ സാധിക്കണം.*

■


മാള ബ്ലോക്ക് പഞ്ചായത്ത്
പ്രസിഡന്റായി
തിരഞ്ഞെടുക്കപ്പെട്ട
കോട്ടപ്പുറം രൂപത
മാളപള്ളിപ്പുറം
സെന്റ് ആന്റണീസ്
ഇടവകാംഗമായ
**രേഖ ഷാന്റി ജോസഫ് തട്ടകത്തിന്**
രൂപതാ കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ







MIT മണിപ്പാൽ
യൂണിവേഴ്സിറ്റിയിൽ
ഇലക്ട്രോണിക്സ് &
കമ്മ്യൂണിക്കേഷൻ
എഞ്ചിനിയറിംഗിൽ Phd
കരസ്തമാക്കിയ കോട്ടപ്പുറം
രൂപത തൃശ്ശൂർ തിരുഹൃദയ
ഇടവകാംഗം **ഡോ. തന്യാ മെന്റസിന്**
രൂപതാ കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ





24-ാം വിവാഹ വാർഷികം
ആഘോഷിക്കുന്ന
**കൈതത്തറ ജോസിച്ചേട്ടനും**
**ആനിച്ചേച്ചിക്കും**
പ്രാർത്ഥനാശംസകൾ

ആശംസകളോടെ...
അൾത്താരബാലന്മാർ
സെന്റ് ഫ്രാൻസീസ് അസ്സീസി ചർച്ച്
തുരുത്തിപ്പുറം

# രൂപത വാർത്തകൾ




ഫാദേഴ്സ് ഡേയോട് അനുബന്ധിച്ച് ചേന്ദമംഗലം നിത്യസഹായ മാത പള്ളിയിൽ അപ്പച്ചന്മാരെ ആദരിച്ചപ്പോൾ.

## യൂ ക്യാറ്റ് ക്വിസ് 2024

"സഭയെ അറിയാൻ വിശ്വാസത്തിൽ ജീവിക്കാൻ" എന്ന ലക്ഷ്യം വെച്ച് കെ.സി. വൈ.എം കോട്ടപ്പുറം രൂപത 2024 ജൂലൈ മാസം പതിനാലാം തീയതി കോട്ടപ്പുറം വികാസിൽ വച്ച് ഉച്ചയ്ക്ക് രണ്ടുമണിക്ക് യൂക്യാറ്റ് ക്വിസ് 2024 നടത്തപ്പെടുന്നു. രജിസ്ട്രേഷൻ നടത്തേണ്ട അവസാന തീയതി ജൂലൈ 7. കൂടുതൽ വിവരങ്ങൾക്ക്: ജെൻസൻ ജോയ് (9961592131), ജെൻസൻ ആൽബി (8921196650)

## ജപമാല രാജ്ഞി ദൈവാലയത്തിൽ യുവജനങ്ങളുടെ പരിസ്ഥിതി ദിനം ആഘോഷം



തുരുത്തിപ്പുറം പരിശുദ്ധ ജപമാല രാജ്ഞി ദേവാലയത്തിൽ ജൂൺ 9-ാം തിയ്യതി ഞായറാഴ്ച്ച പരിസ്ഥിതി ദിനമായി ആചാരിച്ചു. കോട്ടപ്പുറം കെസിവൈഎം സ്റ്റേറ്റ് ലാറ്റിൻ വൈസ് പ്രസിഡന്റും കോട്ടപ്പുറം സിന്റിക്കേറ്റ് മെമ്പർ കൂടിയായ മീഷ്മ ജോസും, കോട്ടപ്പുറം കെസിവൈഎം ജനറൽ സെക്രട്ടറി ആയ ജെൻസൺ ജോയ് എന്നിവർ ചേർന്ന് വൃക്ഷതൈ നടുകയും വേദോപദേശ കുട്ടികൾക്കായി പരിസ്ഥിതി കാത്തുസൂക്ഷിക്കുന്നതിന്റെ പ്രാധാന്യത്തെകുറിച്ച് ബോധവത്കരണ ക്ലാസ്സ് നടത്തുകയും ചെയ്തു. വേദോപദേശ കുട്ടികൾക്കും, ഇടവകയിലെ മുഴുവൻ കുടുംബങ്ങൾക്കുമായി 500 ൽ പരം വൃക്ഷതൈകൾ വിതരണം ചെയ്തു. ഇടവകയിലെ കെസിവൈഎം പ്രസിഡന്റ് വേലിക്കകത്തോട്ട് ജെസ്മോൻ ലോറൻസ്, സെക്രട്ടറി ഒളാട്ടുപുറത്ത് ഷിയ റോയ് എന്നിവർ പരിസ്ഥിതി ദിനാഘോഷങ്ങൾക്ക് നേതൃത്വം നൽകി.

## ഫാമിലി അപ്പസ്തോലേറ്റിന്റെ ജൂലൈ മാസത്തെ പരിപാടികൾ

**12, 13 & 14 തീയതികളിൽ വിവാഹ ഒരുക്ക കോഴ്സ്**

**14-ാം തീയതി** വിവാഹ ഒരുക്ക കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കൾക്കുള്ള **സെമിനാർ** ( 2pm - 4 pm)



വർഷങ്ങളുടെ ഏഴു സാബത്തുകൾ എണ്ണുക, ഏഴുപ്രാവശ്യം ഏഴു വർഷങ്ങൾ. വർഷങ്ങളുടെ ഏഴു സാബത്തുകളുടെ ദൈർഘ്യം നാൽപത്തിയൊൻപതു വർഷങ്ങൾ.
ലേവ്യർ 25 : 8



## ലോക പരിസ്ഥിതി ദിനാചരണവും ലോൺ വിതരണവും

കോട്ടപ്പുറം രൂപതയുടെ സാമൂഹ്യസേവന വിഭാഗമായ കോട്ടപ്പുറം ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് സൊസൈറ്റി(കിഡ്സ്) യുടെ നേതൃത്വത്തിൽ ലോക പരിസ്ഥിതിദിനമായ ജൂൺ 5 ന് പ്രകൃതിയെ പരിപാലിക്കുക ഭാവിയെ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ പ്രകൃതി സംരക്ഷണത്തിന് ഊന്നൽ നൽകിക്കൊണ്ട് എറണാകുളം, തൃശ്ശൂർ ജില്ലകളിൽ പലസ്ഥലങ്ങളിലായി കിഡ്സിന്റെ നേതൃത്വത്തിൽ ലോകപരിസ്ഥിതി ദിനാചരണവും വൃക്ഷത്തൈ വിതരണവും സംഘടിപ്പിച്ചു.

## കോട്ടപ്പുറം : കിഡ്സ് 50% സാമ്പത്തിക സഹായത്തോടെ സ്കൂൾ കിറ്റ് വിതരണം ചെയ്തു.



കോട്ടപ്പുറം ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് സൊസൈറ്റി യുടെ നേതൃത്വത്തിൽ നാഷണൽ എൻ ജി ഒ കോൺഫെഡറേഷന്റെ സഹകരണത്താൽ 50% സാമ്പത്തിക സഹായത്തോടെ സ്കൂൾ കിറ്റ് വിതരണം കിഡ്സ് ക്യാമ്പസിൽ വെച്ച് സംഘടിപ്പിച്ചു. ആധ്യയന വർഷാരംഭം എല്ലാ വിദ്യാർത്ഥികൾക്കും പഠനോപകരണങ്ങൾ ലഭ്യമാകണം എന്ന ലക്ഷ്യത്തോടെയാണ് കിഡ്സ് ഈ പദ്ധതി മുന്നോട്ടുവച്ചത്. കെ.ജി. ക്ലാസുകൾ മുതൽ ഹയർ സെക്കൻഡറി വിഭാഗം വരെയുള്ള വിദ്യാർത്ഥികൾക്കായി 600 സ്കൂൾ കിറ്റുകളാണ് കിഡ്സ് വിതരണം ചെയ്തത്.

## വിദ്യാർത്ഥികൾക്കായി വൈദ്യുതി സുരക്ഷാ ബോധവൽക്കരണ ക്ലാസ് നടത്തി.

പള്ളിപ്പുറം സെന്റ് മേരീസ് ഹൈസ്ക്കൂളിൽ വിദ്യാർത്ഥികൾക്കായി വൈദ്യുതി സുരക്ഷാ ബോധവൽക്കരണ ക്ലാസ്സ് നടത്തി. വൈദ്യുതി ഉപയോഗത്തിലെ ശ്രദ്ധയില്ലായ്മ മൂലം സമീപകാലത്ത് നിരവധി അപകടങ്ങൾ സംഭവിക്കുന്ന സാഹചര്യത്തിലാണ് വൈദ്യുതി സുരക്ഷയെ കുറിച്ച് ഇത്തരം ഒരു ബോധവൽക്കരണ ക്ലാസ് വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ചത്. വിദ്യാർത്ഥികൾ തങ്ങൾക്ക് കിട്ടിയ അറിവുകൾ അവരുടെ വീടുകളിലുള്ളവർക്കും മറ്റു കൂട്ടുകാർക്കും പങ്കുവയ്ക്കുകയും ചെയ്യും. ബോധവൽക്കരണ ക്ലാസിന്റെ ഉദ്ഘാടനം ചെറായി കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എഞ്ചിനീയർ നീത് ആന്റണി നിർവഹിച്ചു. സബ് എഞ്ചിനീയർ അനിൽ കുമാർ ക്ലാസ് നയിച്ചു.





കുടുംബ നവീകരണത്തിന്റെ ഭാഗമായി കോട്ടപ്പുറം രൂപത ഇടവകകളിൽ ഹോം മിഷൻ നടത്തുന്ന പത്താമത്തെ ഇടവകയായ മാനാഞ്ചേരിക്കുന്ന് സെന്റ് പോൾസ് ദൈവാലയത്തിൽ ഇടവക വികാരി റവ. ഫാ. ഷാജു കുരിശിങ്കൽ ഉദ്ഘാടനം ചെയ്യുന്നു.



## ഉറ്റ ചങ്ങാതിമാർക്ക് ബി.എഡ് പരീക്ഷയിൽ 1 ഉം 3ഉം റാങ്കുകൾ

മഹാത്മാഗാന്ധി യൂണിവേഴ്സിയുടെ കീഴിൽ കോട്ടയം മൗണ്ട് കാർമ്മൽ ബി.എഡ് കോളേജിൽ പഠിച്ച പള്ളിപ്പുറം സ്വദേശി കളായ 2 ഉറ്റ ചങ്ങാതിമാർ റാങ്കിലും 1, 3 സ്ഥാനങ്ങൾ കരസ്ഥ മാക്കി. കോട്ടപ്പറമ്പിൽ ബെനഡിക്ട് സിനി ദമ്പതികളുടെ മകൾ ബെൻസി ബെനഡിക്ട് ഇംഗ്ലീഷ് ലിറ്ററേച്ചറിൽ 1-ാം റാങ്കും ഉം കേരള ഫോക്ലോർ അക്കാദമി അവാർഡു ജേതാവ് അലക്സ് താളുപ്പാടത്തിന്റെയും അധ്യാപികയായ ഡിലറ്റിന്റെയും മകൾ അമൃത അലക്സ് ഫിസിക്കൽ സയൻസിൽ 3-ാം റാങ്കും കരസ്ഥമാക്കി. പള്ളിപ്പുറം മഞ്ഞു മാതബസിലിക്ക ഇടവകാംഗങ്ങളാണ് രണ്ടു പേരും.

## കുരിശിങ്കൽ ലൂർദ് മാതാ മതബോധന യൂണിറ്റിൽ പരിസ്ഥിതിദിനം ആചരിച്ചു.

മതബോധന യൂണിറ്റ് ഡയറക്ടർ ബിജു തേങ്ങാ പ്പുരക്കൽ അച്ചന്റെ നേതൃത്വത്തിൽ മതബോധന യൂണിറ്റിൽ പരിസ്ഥിതി ദിനം ആചരിച്ചു.





പുതിയ മതബോധന വർഷം ആരംഭദിന ത്തിൽ 02.06.2024 ഞായറാഴ്ച കുരിശിങ്കൽ ലൂർദ് മാതാ ഇടവകയുടെ പുതിയ മത ബോധന ഓഫീസിന്റെ ഉദ്ഘാടനം ബഹു. ഫാ. ലിജോ താണിപ്പിള്ളി നിർവ്വഹിക്കുന്നു.



അൻപതാംവർഷം നിങ്ങൾക്കു ജൂബിലിവർഷമായിരിക്കണം. ആ വർഷം വിതയ്ക്കുകയോ, ഭൂമിയിൽ താനേ വളരുന്നവ കൊയ്യുകയോ മുറിക്കാത്ത മുന്തിരിവള്ളികളിലെ ഫലങ്ങൾശേഖരിക്കുകയോ അരുത്.
ലേവ്യർ 25 : 1

## പ്രധാന അദ്ധ്യാപകർക്കും സെക്രട്ടറിമാർക്കും വേണ്ടിയുള്ള സെമിനാർ



പ്രധാന അദ്ധ്യാപകർക്കും സെക്രട്ടറിമാർക്കും വേണ്ടിയുള്ള സെമിനാർ ജൂൺ 23 ന് കോട്ടപ്പുറം സെന്റ് ആൻസ് ഹയർ സെക്കന്ററി സ്കൂളിൽ വച്ചു നടത്തപ്പെട്ടു. ജീവനാദം മാനേജിങ് എഡിറ്റർ ജോൺ കപ്പിസ്താൻ ലോപ്പസ് അച്ചൻ ക്ലാസ്സ് നയിച്ചു. രൂപതയിലെ 56 മതബോധന യൂണീറ്റുകളിലെയും സ്കൂൾ ലീഡേഴ്സിന് വേണ്ടിയുള്ള സെമിനാറും അന്നുതന്നെ സെന്റ് ആൻസ് ഹൈസ്കൂളിൽ വച്ചു നടത്തപ്പെട്ടു. ഇരിങ്ങാലക്കുട രൂപതാംഗം നൗജിൻ വിതയത്തിലച്ചൻ ക്ലാസ്സ് നയിച്ചു.

## INSPIRE 2024

പ്ലസ് ടു വിദ്യാർത്ഥികൾക്കായി ജൂലൈ 21, 28 തിയ്യതികളിൽ Inspire 2024 എന്ന പ്രോഗ്രാം നടത്തപ്പെടുന്നു. തൃശ്ശൂർ, തുരുത്തിപ്പുറം & കോട്ടപ്പുറം എന്നീ ഫോറോനകളിലെ കുട്ടികൾക്കായി ജൂലൈ 21 ന് കോട്ടപ്പുറം വികാസിൽവച്ചും ഗോതുരുത്ത് പള്ളിപ്പുറം ഫോറോനകൾക്കായി ജൂലൈ 28 ന് പറവൂർ സ്ക്രില്ലി സ്കൂളിൽവച്ചും Inspire 2024 നടത്തപ്പെടുന്നു. Career Guidance, Psychology, Life Orientation & Sex Education എന്നീ വിഷയങ്ങൾ പ്രഗത്ഭരായവർ ക്ലാസുകൾ നയിക്കുന്നു.



കെ.സി.എസ്.എൽ രൂപതാതല ഉദ്ഘാടനം കോട്ടപ്പുറം രൂപത മെത്രാൻ അഭിവന്ദ്യ അംബ്രോസ് പുത്തൻവീട്ടിൽ പിതാവ് നിർവ്വഹിക്കുന്നു.


അവന്റെ കയ്യിലെ ആണിപ്പഴുതുകൾ കാണുകയും അതിൽ എന്റെ വിരൽ കടത്തുകയും ചെയ്യാതെ ഞാൻ വിശ്വസിക്കുകയില്ല
(യോഹ. 20:25).

## വിശുദ്ധ തോമസ് മൂർ അനുസ്മരണ ദിനം ആഘോഷിച്ച് കെ. സി. വൈ. എം കോട്ടപ്പുറം രൂപത



കെ.സി.വൈ.എം കോട്ടപ്പുറം രൂപതയുടെ നേതൃത്വത്തിൽ കെ.സി.വൈ.എം ന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വിശുദ്ധ തോമസ് മൂർ അനുസ്മരണ ദിവ്യബലി പറവൂർ ഡോൺ ബോസ്കോ ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു. വിശുദ്ധ തോമസ് മൂറിന്റെ ചിത്രത്തിനു മുൻപിലായി കെ.സി.വൈ.എം കോട്ടപ്പുറം രൂപത പ്രസിഡന്റ് ജെൻസൻ ആൽബി, ജനറൽ സെക്രട്ടറി ജെൻസൻ ജോയ് എന്നിവർ തിരി തെളിയിച്ചു. കെ.സി.വൈ.എം കോട്ടപ്പുറം രൂപത ഡയറക്ടർ റവ.ഫാ. നോയൽ കുരിശിങ്കൽ വിശുദ്ധ കുർബാനയ്ക്ക് നേതൃത്വം നൽകി. തുടർന്ന് കെ.സി.വൈ.എം പറവൂർ ഡോൺ ബോസ്കോ യൂണിറ്റിന്റെ നേതൃത്വത്തിൽ മീറ്റിംഗ് സംഘടിപ്പിച്ചു.








# ഇലക്ഷൻ 2024



**ഫാ. ജോസഫ് കുന്നത്തൂർ**

**ഇ**ക്കഴിഞ്ഞ ലോകസഭ ഇലക്ഷൻ സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ ചരിത്രത്തിൽ ഇടം നേടിയ ഒരു തിരഞ്ഞെടുപ്പ് ആയിരുന്നു. ഇലക്ഷന് മുമ്പ് ബിജെപി ഗവൺമെന്റും മാധ്യമങ്ങളും ചേർന്നു സൃഷ്ടിച്ച ഒരു മായികവലയം ഉണ്ടായിരുന്നു. രാമക്ഷേത്രം നിർമ്മാണത്തിന്റെ പശ്ചാത്തലത്തിൽ പൂജാരിക്ക് സമാനമായ ക്രിയവിക്രിയകൾ ആവിഷ്കരിച്ച മോദിയുടെ നേതൃത്വത്തിൽ ബിജെപി നാനൂറിലധികം സീറ്റുകളിൽ വിജയിക്കുമെന്ന് ഒരു പ്രതീതി സൃഷ്ടിക്കപ്പെട്ടു. അങ്ങനെ സംഭവിച്ചാൽ ഇന്ത്യയുടെ ഭരണഘടന തിരുത്തപ്പെടുമെന്നും ഹിന്ദു രാഷ്ട്രം എന്ന ആർ.എസ്.എസ്. സ്വപ്നം സാക്ഷാത്കരിക്കപ്പെടുമെന്നും **ഒരുപക്ഷേ അത് അവസാനത്തെ പാർലമെന്റ് തിരഞ്ഞെടുപ്പ് ആയിരിക്കാം എന്നുപോലും രാഷ്ട്രീയ നിരീക്ഷകർ ഭയപ്പെട്ടു.** അതുകൊണ്ടുതന്നെ വലിയ ഉൽക്കണ്ഠയോടുകൂടിയാണ് രാഷ്ട്രം ഈ തിരഞ്ഞെടുപ്പിനെ അഭിമുഖീകരിച്ചത്. എന്നാൽ തിരഞ്ഞെടുപ്പ് ഫലം പുറത്തുവന്നപ്പോൾ ഇന്ത്യയിലെ ജനത സന്ദർഭത്തിനനുസരിച്ച് ഉണർന്നു പ്രവർത്തിക്കുന്നതാണ് ലോകം ദർശിച്ചത്. നിരക്ഷരകുഷികൾ എന്ന് എഴുത്തിതള്ളിയ ഉത്തർപ്രദേശും രാഷ്ട്രീയവബോധം ആവോളം ഉണ്ടെന്ന് അവകാശപ്പെടുന്ന കേരളവും ഒരുപോലെ സന്ദർഭത്തിനനുസരിച്ച് ഉണർന്നു. തമിഴ്നാടും ബംഗാളും മറ്റ് പ്രാദേശിക പാർട്ടികളും രാഷ്ട്രീയ വിവേകവും പ്രകടിപ്പിച്ചുകൊണ്ട് മോദിയുടെ ഏകാധിപത്യ പ്രവണതക്കെതിരെ കോൺഗ്രസുമായി കൈകോർത്ത് ഇന്ത്യമുന്നണി ഉണ്ടാക്കി. **സന്ദർഭത്തിന്റെ ഗൗരവം ഉൾക്കൊണ്ടുകൊണ്ട് ഇന്ത്യയിലെ ജനം ഉയർത്തെഴുന്നേറ്റപ്പോൾ ബിജെപിയുടെ 400 സീറ്റ് എന്ന സ്വപ്നം ചവിട്ടുകൊട്ടയിലേക്ക് എറിയപ്പെട്ടു.** ഒറ്റയ്ക്ക് ഭരിക്കുവാൻ പോലും ഭൂരിപക്ഷം ഇല്ലാതിരുന്ന ബിജെപിക്ക് ഗവൺമെന്റ് ഉണ്ടാക്കുവാൻ സഖ്യകക്ഷികളുടെ പിന്തുണകൂടി ആശ്രയിക്കേണ്ടിവന്നു. **ഒപ്പം നിന്നു മത്സരിച്ച സഖ്യകക്ഷികളുടെ പിന്തുണയോടെ മോദിയുടെ നേതൃത്വത്തിൽ ഗവൺന്റെ രൂപീകരിക്കുവാൻ ബിജെപിക്ക് സാധിച്ചെങ്കിലും ജനാധിപത്യവും മതേതരത്വവും സോഷ്യലിസവും അടിസ്ഥാന പ്രമാണങ്ങളായി അംഗീകരിച്ചിട്ടുള്ള ഇന്ത്യൻ ഭരണഘടനയുടെ വേരിൽ കത്തി വയ്ക്കുവാൻ കഴിയാത്ത ഒരു അവസ്ഥയിൽ കൊണ്ടെത്തിക്കുവാൻ ഇന്ത്യയിലെ സാധാരണ ജനങ്ങൾക്ക് കഴിഞ്ഞിരിക്കുന്നു.** പിന്നിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ ഇന്ത്യയിലെ സാധാരണക്കാർ അങ്ങേയറ്റത്തെ ജനാധിപത്യ ബോധം പുലർത്തിക്കൊണ്ട് ലോകത്തെ അത്ഭുതപ്പെടുത്തിയ ഒരു തിരഞ്ഞെടുപ്പ് ആയിരുന്നു അടിയന്തരാവസ്ഥയ്ക്ക് ശേഷം 1977

നടന്ന ഇലക്ഷൻ. അന്ന് അടിയന്തരാവസ്ഥയുടെ ഏകാധിപത്യ പ്രവണതയ്ക്കെതിരെ ആഞ്ഞടിച്ച ഇന്ത്യയിലെ സാധാരണ ജനം ഇന്ദിരാഗാന്ധിയെ കെട്ടുകെട്ടിച്ചു. മോദി ഭരണത്തിലും ഒരു അപ്രഖ്യാപിത അടിയന്തരാവസ്ഥ നിലനിന്നിരുന്നു ഭരണഘടനയെ കാറ്റിൽ പറത്തിക്കൊണ്ട് ഭരണഘടന സ്ഥാപനങ്ങളെ വരുതിയിൽ ആക്കിക്കൊണ്ടും സ്വതന്ത്രമായി പ്രവർത്തിക്കേണ്ട ജുഡീഷ്യറി, ഇലക്ഷൻ കമ്മീഷൻ, ഇ.ഡി., സിബിഐ തുടങ്ങിയ സംവിധാനങ്ങളെ നിയന്ത്രണത്തിൽ ആക്കി പ്രതിപക്ഷത്തെയും എതിർ ശബ്ദങ്ങളെയും ഇല്ലാതാക്കാനുള്ള ശ്രമമാണ് മോദിയും അമിത് ഷായും ചേർന്ന് നടത്തിയത്. **ആദിവാസി മേഖലയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഈശോ സഭ വൈദീകനായിരുന്ന സ്റ്റാൻസ്വാമിയെ കള്ള ക്കേസിൽപ്പെടുത്തി കള്ള തെളിവുകൾ ഉണ്ടാക്കി ജയിലിലിട്ടു കൊന്നത് കടുത്ത അസഹിഷ്ണുതയാലായിരുന്നു.** മണിപ്പൂരിൽ ആസൂത്രിതമായി ഗവൺമെന്റ് സ്പോൺസേർഡ് വർഗീയ കലാപം സൃഷ്ടിച്ച് രക്തപ്പുഴ ഒഴുക്കിയത് ക്രൈസ്തവ വിരോധം ഒന്നു കൊണ്ട് മാത്രമായിരുന്നു. **രാഹുൽ ഗാന്ധി, ചിദംബരം, കെജ്രിവാൾ തുടങ്ങിയ പ്രഗൽഭരായ രാഷ്ട്രീയ നേതാക്കളെ അന്വേഷണ ഏജൻസികളെ ഉപയോഗിച്ച് ജയിലിൽ അടക്കുവാൻ ശ്രമിച്ചത് പ്രതിപക്ഷ വേട്ടയാടൽ ആയിരുന്നു.** ഗുജറാത്ത് കലാപത്തിൽ തങ്ങൾക്കെതിരെ വിധിവരുമെന്ന അഭ്യൂഹങ്ങൾ നീതിമാനും പ്രശസ്തനുമായ ഒരു ജഡ്ജിയെ പൈശാചികമായി കൊലപ്പെടുത്തിയ സംഭവം വിസ്മരിക്കാൻ ആവുമോ?

ഇന്ത്യ സ്വാതന്ത്ര്യം നേടിയ ശേഷം ജനാധിപത്യ റിപ്പബ്ലിക് ആയി പ്രഖ്യാപിച്ചപ്പോൾ ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്ന വിൻസ്റ്റൻ ചർച്ചിൽ നിരക്ഷരരുടെ നാടായ ഇന്ത്യയിൽ ജനാധിപത്യം അധികാലം നീണ്ടുനിൽക്കുകയില്ല എന്ന് പരിഹസിച്ചുവത്രേ. ഏതായാലും **ഇന്ത്യയിലെ ജനം ജനാധിപത്യ ബോധമുള്ള വരും സാഹചര്യങ്ങളെ അപഗ്രഥിക്കുവാൻ കെൽപ്പുള്ളവരും ആണെന്ന് ഈ ഇലക്ഷൻ ഒരിക്കൽക്കൂടി തെളിയിച്ചു.** ■

## പിതാവിന്റെ ഡയറി –ജൂലൈ 2024

| | | |
|---|---|---|
| ജൂലൈ 1 | അധ്യായന വർഷം ഉദ്ഘാടനം, പ്രസന്റേഷൻ കോളേജ് | 10.00 am |
| ജൂലൈ 3 | രൂപതാദിനാഘോഷം & ജൂബിലി പ്രഖ്യാപനം, സെന്റ് മൈക്കിൾസ് കത്തീഡ്രൽ | 11.00 am |
| | ദിവ്യബലി, കോട്ടപ്പുറം മാർക്കറ്റ് കപ്പേള | 05.30 pm |
| ജൂലൈ 7, 8 | പാസ്റ്ററൽ വിസിറ്റ് | |
| ജൂലൈ 10 | നിത്യവ്രത വാഗ്ദാനം, കോട്ടുവള്ളി | 10.30 am |
| ജൂലൈ 11-14 | KRLCBC | |
| ജൂലൈ 15-18 | കോട്ടപ്പുറം രൂപത വൈദികരുടെ വാർഷിക ധ്യാനം | |
| ജൂലൈ 19 | ദിവ്യബലി, അരീപ്പാലം | 05.30 pm |
| ജൂലൈ 20 | KCSL Leadership Camp | 10.00 am |
| | ദിവ്യബലി, പൊന്നുരുന്തി ആശ്രമം | 05.00 pm |
| ജൂലൈ 21 | Inspire 2024, ഉദ്ഘാടനം, വികാസ് കോട്ടപ്പുറം | 09.00 am |
| ജൂലൈ 22-26 | കോട്ടപ്പുറം രൂപത വൈദികരുടെ വാർഷിക ധ്യാനം | |
| ജൂലൈ 28 | Inspire 2024, ഉദ്ഘാടനം, പറവൂർ സ്ക്രില്ലി | 09.00 am |
| | ദിവ്യബലി, സെന്റ് മൈക്കിൾസ് കത്തീഡ്രൽ, കോട്ടപ്പുറം | 12.00 noon |
| ജൂലൈ 30 | കൊടികയറ്റം, ദിവ്യബലി, മഞ്ഞുമാത ബസിലിക്ക, പള്ളിപ്പുറം | 05.00 pm |
| ജൂലൈ 31 | മാമ്മോദീസ, സെന്റ് മൈക്കിൾസ് കത്തീഡ്രൽ, കോട്ടപ്പുറം | 09.00 am |



ജൂബിലിയുടെ ഈ വർഷത്തിൽ ഓരോരുത്തരും തങ്ങളുടെ അവകാശ സ്ഥലത്തേക്കു തിരികെപ്പോകണം.

ലേവ്യർ 25 : 13

# പാവനസ്മരയ്ക്ക്



റവ. ഫാ. ജേക്കബ്
കോണത്ത്



ഗ്രേയ്സി ജോർജ്
കോണത്ത്

പ്രർത്ഥനാപൂർവ്വം :
കോണത്ത് കുടുംബാംഗങ്ങൾ


കൊടുങ്ങല്ലൂർ–കോട്ടപ്പുറം രൂപതയിലെ
ചരിത്രപ്രസിദ്ധ തീർത്ഥാടന കേന്ദ്രമായ
പള്ളിപ്പുറം ബസിലിക്കയിൽ
പരിശുദ്ധ മഞ്ഞുമാതാവിന്റെ
517-ാമത്
കൊമ്പ്രേരിയ
തിരുനാൾ
ആഗസ്റ്റ് 5 തിങ്കൾ
എട്ടാമിടം
2024 ആഗസ്റ്റ് 15 വ്യാഴം
നവനാൾ ദിനങ്ങൾ : ജൂലൈ 21 മുതൽ 29 വരെ
കൊടികയറ്റം : ജൂലൈ 30 ചൊവ്വ വൈകീട്ട് 5.00 ന്
കടൽ വെഞ്ചരിപ്പ് : ജൂലൈ 30 ചൊവ്വ രാവിലെ 10.00 ന്